
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 07 | THE ONLINE OFFICIAL NEWS BULLETIN | 2024 February 15

വലിയ നോമ്പുകാലം | SEASON OF GREAT LENT | ܙܒܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
 ♪2 **Garbo** (Leper) 2nd Sunday of Great Lent **18**	 ♪6 62st Mem. of Elias Mar Julius ✠ (Manjanikkara Dayara) **19**	♪2 **20**	 ♪6 Comme. Of Thimothios of Alexandria **21**	♪2 **22**	 ♪6 Comme. of St. Policarp 90th Comme. of St. Dionysius ✠ (Kottayam Old Seminary) 16th Mem. of Thomas Mar Makarios ✠ (Devalokam Aramana) **23**	 ♪2 Comme. of Apostle St. Mathew the Evangelist **24**



പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ 75-ാം ജന്മദിനം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ആഘോഷിച്ചു.



മാത്യൂസ് മാർ എപ്പിഫാനിയോസിന്റെ ഓർമ്മ പെരുന്നാളിൽ കൊല്ലം സെൻറ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്ന മൂന്നിന്മേൽ കുർബാനക്ക് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ചു.



മാർത്തോമ്മൻ പൈതൃക സംഗമം വടക്കൻ മേഖലാ പതാക പ്രയാണത്തെ കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ കോലഞ്ചേരി പള്ളിയിൽ പ. കാതോലിക്കാ ബാവാ സ്വീകരിച്ചു.



മാർത്തോമ്മൻ പൈതൃക സംഗമം വടക്കൻ മേഖലാ പതാക പ്രയാണത്തിന് കൊച്ചി ഭദ്രാസനത്തിലെ എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ പള്ളിയിൽ സ്വീകരണം നൽകി.

മാർത്തോമ്മൻ പൈതൃക സംഗമം കോട്ടയം നെഹ്രു സ്റ്റേഡിയത്തിൽ

കോട്ടയം: മാർത്തോമ്മൻ പൈതൃക സംഗമത്തിന് ലഭിക്കുന്ന വർദ്ധിതമായ ആവേശം പരിഗണിച്ച് ഫെബ്രുവരി 25-ന് കോട്ടയം എം.ഡി. സെമിനാരി മൈതാനിയിൽ നടത്താൻ നിശ്ചയിച്ചിരുന്ന സമ്മേളനം നെഹ്റു സ്റ്റേഡിയത്തിലേക്ക് മാറ്റിയതായി പ. കാതോലിക്കാ ബാവാ അറിയിച്ചു. ഫെബ്രുവരി 25 ഉച്ചയ്ക്ക് 2 മണിക്ക് കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ സമ്മേളനം നടക്കും.



മാർത്തോമ്മൻ പൈതൃക സംഗമം വടക്കൻ മേഖലാ പതാക പ്രയാണം കോട്ടയം പഴയ സെമിനാരിയിൽ സമാപിച്ചപ്പോൾ.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ആദ്ധ്യാത്മിക സങ്കീർത്തനം

മാർ അപ്രേം

1. സൗഭാഗ്യ വചനങ്ങൾ

ക്ലേശങ്ങൾ നിറഞ്ഞ ഈ ലോകജീവിതത്തിലെ സകല കാര്യങ്ങളിൽ നിന്നും കർത്താവിന്റെ സഹായത്താൽ സ്വതന്ത്രനായവനും ഏകനും ഉത്തമനും കരുണാപൂർണനുമായ ദൈവത്തെ സ്നേഹിക്കുന്നവനും സൗഭാഗ്യവാൻ.

നല്ല കാര്യങ്ങൾ ചെയ്യുന്നതിൽ മുഴുകിയവനും ഫലഭൂയിഷ്ഠമായ വയൽ പോലെ കർത്താവിൽ ജീവന്റെ ഫലങ്ങൾ സമൃദ്ധമായി വിളയിക്കുന്നവനും സൗഭാഗ്യവാൻ.

പ്രാർത്ഥനാവേളയിൽ ദൈവസേവനത്തിനു തയ്യാറായി നില്ക്കുന്നവൻ സൗഭാഗ്യവാൻ. സ്വർഗത്തിലെ മാലാഖമാരെപ്പോലെ സദാ പാവനചിന്തകളിൽ വ്യാപരിക്കുന്നവൻ സൗഭാഗ്യവാൻ. ആത്മാവിനെ അടിമയാക്കാനോ രക്ഷിതാവായ ദൈവത്തിൽനിന്ന് തന്നെ അകറ്റാനോ ഇടയാകാത്തവിധം സാത്താനെ തടയുന്നവൻ സൗഭാഗ്യവാൻ.

വിശുദ്ധിയെ പ്രകാശത്തെപ്പോലെ സ്നേഹിക്കുന്നവനും സാത്താന്റെ ലജ്ജാകരമായ പ്രവൃത്തികളാൽ സ്വന്തം ശരീരത്തെ കർത്താവിന്റെ മുമ്പിൽ മലിനമാക്കാത്തവനും സൗഭാഗ്യവാൻ.

സദാ ദൈവസ്മരണ മനസ്സിൽ കാത്തുസൂക്ഷിക്കുന്നവൻ സൗഭാഗ്യവാൻ. ഭൂമിയിൽ ഇങ്ങനെയുള്ള മനുഷ്യൻ സ്വർഗത്തിലെ മാലാഖയെപ്പോലെ, ഭയത്തോടും സ്നേഹത്തോടും കൂടി കർത്താവിനെ സദാ ഉദ്ഘോഷിച്ചും സ്തുതിച്ചുംകൊണ്ടിരിക്കും.

സർവ പാപികളെയും രക്ഷയിലേക്ക് നയിക്കുന്ന അനുതാപത്തെ (പശ്ചാത്താപത്തെ) സ്നേഹിക്കുന്നവൻ സൗഭാഗ്യവാൻ. നമ്മുടെ രക്ഷകനായ ദൈവത്തിന്റെ മുമ്പിൽ നന്ദിരഹിതനായി കാണപ്പെടാതിരിക്കത്തക്കവണ്ണം പാപത്തിൽ ആനന്ദം കണ്ടെത്താത്തവൻ സൗഭാഗ്യ വാൻ.

സ്വർഗീയ നിക്ഷേപങ്ങളെ കാത്തുസൂക്ഷിക്കുന്ന ധീരനായ പോരാളിയെപ്പോലെ കർത്താവിന്റെ മുമ്പിൽ നിന്ദാപാത്രമാകാതെ സ്വന്തം ആത്മാവിനെയും ശരീരത്തെയും ഭദ്രമായി പരിപാലിക്കുന്നവൻ സൗഭാഗ്യവാൻ.

സ്വർഗീയ മാലാഖമാരെപ്പോലെ പാവനചിന്തകളെ താലോലിക്കുകയും ജീവനുള്ള സകലതിന്മേലും അധികാരമുള്ളവനു സ്വന്തം അധരങ്ങളാൽ സ്തുതിസ്തോത്രങ്ങൾ പാടി അർപ്പിക്കുകയും ചെയ്യുന്നവൻ സൗഭാഗ്യവാൻ.

ആധ്യാത്മിക സേവനത്തിൽ ഒട്ടുംതന്നെ അലസത കൂടാതെ കെരൂബുകളെയും സെറാഫുകളെയുംപോലെ ഇടവിടാതെ കർത്താവിനെ മഹത്വപ്പെടുത്തുന്നവൻ സൗഭാഗ്യവാൻ.

2. രക്ഷകന് ഒരു മഹത്ത്വഗാനം

ഗുരോ, തിരുമുമ്പിൽ ഞാൻ നമിക്കുന്നു. നല്ലവനേ, അങ്ങയെ ഞാൻ മഹത്ത്വപ്പെടുത്തുന്നു. പരിശുദ്ധനേ, ഞാൻ അങ്ങയോടപേക്ഷിക്കുന്നു. മനുഷ്യസ്നേഹിയായുള്ളോവേ, തിരുമുമ്പിൽ ഞാൻ സാഷ്ടാംഗപ്രണാമം ചെയ്യുന്നു. ക്രിസ്തുവേ, ഞാൻ അങ്ങയെ മഹത്ത്വപ്പെടുത്തുന്നു. ഏകജാതനും സകലത്തിന്റെയും യജമാനനും പാപരഹിതനുമായ അവിടുന്ന് തികച്ചും അയോഗ്യനായ എനിക്കുവേണ്ടി – ഒരു പാപിയുടെ ആത്മാവിനെ പാപത്തിന്റെ പിടിയിൽ നിന്നു വീണ്ടെടുക്കാൻ – കുരിശുമരണത്തിനു സ്വയം ഏല്പിച്ചുകൊടുത്തു.

ഗുരോ, ഈ കടം ഞാൻ ഏതുവിധത്തിൽ വീട്ടേണ്ടൂ? മനുഷ്യരാശിയെ സ്നേഹിക്കുന്ന കർത്താവേ, അങ്ങേക്കു മഹത്ത്വം. കരുണാനിധിയായ കർത്താവേ, അങ്ങേക്കു മഹത്ത്വം. ദീർഘക്ഷമയുള്ളവനേ, അങ്ങേക്കു മഹത്ത്വം. ഓരോ പാപവീഴ്ചയും ക്ഷമിക്കുന്ന തിരുമേനിക്കു മഹത്ത്വം!



ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കാൻ ഇറങ്ങിവന്ന ദൈവപുത്രാ, അങ്ങേക്കു ഞങ്ങൾ മഹത്ത്വം കരേറ്റുന്നു. കന്യകയുടെ ഗർഭപാത്രത്തിൽനിന്നു ശരീരം ധരിച്ചവനേ, അങ്ങേക്കു മഹത്ത്വം! അടിമബന്ധനം സഹിച്ചവനേ, അങ്ങേക്കു മഹത്ത്വം! പ്രഹരശിക്ഷ സ്വമേധയാ സ്വീകരിച്ചവനേ, അങ്ങേക്കു മഹത്ത്വം! അവമാനത്തിനു സ്വയം പാത്രമാക്കിത്തീർത്ത അങ്ങേക്കു മഹത്ത്വം! ക്രൂശിക്കപ്പെട്ടവനേ, അങ്ങേക്കു മഹത്ത്വം! കല്ലറയിൽ അടക്കപ്പെട്ടവനേ, അങ്ങേക്കു മഹത്ത്വം!

മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റവനേ, അങ്ങേക്കു മഹത്ത്വം! പ്രവാചകന്മാർ ആരെപ്പറ്റി സംസാരിച്ചുവോ ആ ദൈവപുത്രാ, അങ്ങേക്കു സ്തോത്രം. ഞങ്ങൾ വിശ്വാസം അർപ്പിച്ചവനേ, അങ്ങേക്കു മഹത്ത്വം! സ്വർഗത്തിലേക്ക് ആരോഹണം ചെയ്തവനേ, അങ്ങേക്കു സ്തുതി. മഹത്ത്വപൂർണനായി പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനാ യിരിക്കുകയും അങ്ങയുടെ പരിശുദ്ധമായ കഷ്ടാനുഭവത്തെ പുച്ഛിച്ചു തള്ളിയ ഓരോ ആത്മാവിനെയും ന്യായം വിധിക്കാൻ മാലാഖമാരുടെ മഹാസംഘത്തോടൊന്നിച്ച് വീണ്ടും എഴുന്നള്ളുകയും ചെയ്യുന്ന അങ്ങേക്കു മഹത്ത്വം!


സ്വർഗീയ ശക്തികൾ ഉണർത്തപ്പെടുകയും മാലാഖമാരും പ്രധാന മാലാഖമാരും സെറാഫുകളും കെരൂബുകളും പേടിച്ചുവിറച്ച് അവിടുത്തെ മഹത്ത്വത്തിന്റെ സമക്ഷം നില്ക്കുകയും ഭൂമിയുടെ അസ്തിവാരങ്ങൾ ഇളകി ചലിക്കുകയും ജീവനുള്ളതെല്ലാം അങ്ങയുടെ മഹത്ത്വത്തിന്റെ നിസ്തുലമായ മഹനീയതയിൽ ഞെട്ടിത്തരിച്ചു സംഭ്രാന്തമാവുകയും ചെയ്യുന്ന ഉദ്വേഗജനകവും ഭയാനകവുമായ മുഹൂർത്തത്തിൽ അവിടുന്ന് എന്നെ അവിടുത്തെ ചിറകിൻകീഴിൽ മറച്ചു കൊള്ളണമേ. ഭയാനകമായ അഗ്നിയിൽ നിന്നും പല്ലുകടിയിൽ നിന്നും ബാഹ്യമായ അന്ധകാരത്തിൽ നിന്നും നിത്യമായ കഠിനവിലാപത്തിൽ നിന്നും എന്റെ ആത്മാവിനെ ആ മുഹൂർത്തത്തിൽ വീണ്ടുകൊള്ളണമേ. അങ്ങനെ അങ്ങയെ ഇപ്രകാരം മഹത്ത്വപ്പെടുത്താൻ എനിക്കു കഴിവു നൽകണമേ. സ്വന്തം കരുണാബാഹുല്യത്തിന്റെ ആർദ്രതയിൽ ഒരു പാപിയെ രക്ഷിക്കാൻ തിരുമനസ്സായ ദയാലുവിനു മഹത്ത്വം!

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പഠനം

തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം - 12



ഡോ. തോമസ് മാർ അത്താനാസിയോസ്

പഴയനിയമ വെളിപാടും അവിടെ നടന്നതായി രേഖപ്പെടുത്തിയിരിക്കുന്ന ദൈവിക ഇടപെടലുകളുടെ വിവരണവും നിയമസംഹിതകളും ബലികളും പുതിയനിയമം വിഭാവനം ചെയ്യുന്ന സദാചാര ചിന്തകൾക്കു വിരുദ്ധമാണ് എന്നതാണ് പഴയനിയമത്തിന്റെ തിരസ്കരണത്തിന് ആധാരമായി ഉന്നയിക്കപ്പെടുന്ന ഒരു പ്രധാന വാദം. പ്രഥമശ്രവണത്തിൽ ഇതിൽ കഴമ്പുണ്ടെന്നു തോന്നാവുന്നതാണ്. അതുകൊണ്ട് ഈ വാദം എത്രമാത്രം സാധുവാണ് എന്നതിന് പഠനം ആവശ്യമാണ്. പഴയനിയമത്തിലെ ധർമ്മവിചാരം എന്നതു സംബന്ധിച്ചുള്ള അന്വേഷണത്തിലേയ്ക്കു കടക്കുകയാണ് .

എന്നാൽ ഈ പഠനത്തിന് പ്രാരംഭമായി ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. പഴയനിയമത്തിന്റെ ധാർമ്മികത വെളിപ്പെടുന്ന ഒരു പ്രധാന ഭാഗം പഴയനിയമത്തിലെ നിയമസംഹിത (തോറ) യാണ്. അതിൽ നീതി, ധാർമ്മികത എന്നിവ എങ്ങനെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന് അന്വേഷിക്കണം . അവിടെ ഭരണപരം, മതപരം എന്നീ നിലയിലുള്ള വേർപിരിവുകൾ ഇല്ല. പത്തു കല്പനകളോടൊപ്പം സിവിൽ - ക്രിമിനൽ കുറ്റങ്ങളെ പറ്റിയും അവയ്ക്കുള്ള ശിക്ഷാ - പരിഹാര നിയമ (punishment and restorative laws) ങ്ങളെ പറ്റിയും പറയുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് പലപ്പോഴും പഴയനിയമ ധാർമ്മികത വിചാരണ ചെയ്യപ്പെടുന്നത്. പഴയനിയമ നിയമങ്ങൾക്ക് ഒരു സമഗ്ര - ഉദ്ഗ്രഥിത ഭാവമാണുള്ളത്. കാരണം ഇസ്രായേൽ ഒരു വിശ്വാസിസമൂഹം മാത്രമല്ല; അത് ഒരു രാഷ്ട്രം (nation) കൂടിയായിരുന്നു. ആ സാഹചര്യത്തിൽ മതനിയമങ്ങൾക്കൊപ്പം (ഉദാ. പത്തു കല്പനകൾ) സിവിൽ - ക്രിമിനൽ - സാമൂഹ്യ നിയമങ്ങൾ കൂടി ചേർന്നുവരേണ്ടതുണ്ട്. ഇസ്രായേലിന്റെ സിവിൽ - ക്രിമിനൽ നിയമങ്ങൾ അതിന്റെ തന്നെ മതനിയമങ്ങളുമായി ചേർന്നു നിലനിൽക്കുന്നു. ഒരു രാഷ്ട്രം എന്ന നിലയിൽ മതനിയമങ്ങളുടെയും ശാസനകളുടെയും അടിസ്ഥാനത്തിൽ മാത്രം ഒരു സമൂഹത്തിനു നിലനിൽക്കാനാവില്ല . അതായത് സമൂഹത്തിൽ ക്രമസമാധാനവും നീതിപൂർവ്വമായ സാഹചര്യവും നിലനിൽക്കണമെങ്കിൽ അതിനു വേണ്ട നിയമങ്ങൾ ഉണ്ടാകേണ്ടതുണ്ട് . സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ സിവിൽ - ക്രിമിനൽ - സാമൂഹ്യ നിയമങ്ങളും അവ വഴി നിർവഹിക്കപ്പെടുവാനുള്ള ക്രമീകരണങ്ങളും അവ ലംഘിക്കപ്പെടുമ്പോൾ ഉണ്ടാകേണ്ട ശിക്ഷാ - പരിഹാര മാർഗ്ഗങ്ങളും എബ്രായ വേദപുസ്തകത്തിൽ സ്വാഭാവികമായി വന്നുചേരുന്നു . അതുകൊണ്ട് ക്രിമിനൽ കുറ്റങ്ങൾക്കുള്ള ശിക്ഷയും സിവിൽ നിയമലംഘനങ്ങൾക്കുള്ള പരിഹാര മാർഗ്ഗങ്ങളുമെല്ലാം പഴയനിയമത്തിലെ നിയമപുസ്തകത്തിൽ സ്ഥാനം പിടിച്ചു.

ഓരോ തരം നിയമവും അതു ലംഘിക്കപ്പെടുമ്പോഴുള്ള ശിക്ഷകളും പഴയനിയമത്തിലെ നിയമപുസ്തകങ്ങളിൽ കണ്ടെത്താവുന്നതാണ് . കൊലപാതകം, വ്യഭിചാരം, വിഗ്രഹ - പരദൈവാരാധന എന്നിവയെല്ലാം ഗൗരവമായ കുറ്റകൃത്യങ്ങളായി പരിഗണിക്കപ്പെടുന്നു. അവ തടയുന്നതിനായി അതു ചെയ്യുന്നവരെ സ്ഥിരമായി സമൂഹത്തിൽ നിന്നും വിച്ഛേദിച്ചു കളയുന്നു (സംഖ്യ 15:30, 31; ആവ. 22:21, 27; 14:12; 13:8). യഹോവായിതര ആരാധനാകേന്ദ്രങ്ങൾ, പൂജകൾ, പൂജാവസ്തുക്കൾ, വിഗ്രഹങ്ങൾ തുടങ്ങിയവ നിയമവിരുദ്ധമാണ് (ആവ. 7:25; 12:3). സമൂഹത്തിൽ ആർക്കെങ്കിലും നഷ്ടം വരുത്തിയിട്ടുണ്ടെങ്കിൽ ആനുപാതികമായ പരിഹാരം നടത്തണം (പുറ. 22:1-4; ആവ. 19:21). സാമൂഹ്യനീതി പാലിക്കപ്പെടുന്നതിനായി ജൂബിലി വർഷങ്ങൾ നിലനിർത്തിയിരുന്നു . നിയമപരമായ വ്യവസ്ഥാപിത സംവിധാനത്തിൽ ഏതെങ്കിലും പഴുതുകളിലൂടെ ഒരുവന്റെ വസ്തുവകകൾ അപരന്റെ കൈവശം എത്തിച്ചേർന്നിട്ടുണ്ടെങ്കിൽ അവ ജൂബിലി വർഷം നഷ്ടപ്പെട്ടവനു തിരികെ നൽകണം (ലേവ്യ 25:8-13).



ഇവയെല്ലാം സമൂഹത്തിൽ ക്രമസമാധാനവും നീതിപൂർവ്വമായ സമാധാനവും നിലനിർത്തുന്നതിനായി ഉദ്ദേശിച്ചു രൂപപ്പെടുത്തിയ നിയമങ്ങളാണ്. ഇവിടെ നിയമങ്ങളും ദൈവത്തിന്റെ ഇടപെടലുകളും നീതി, സമാധാനം എന്നിവ ഭഞ്ജിക്കുന്ന ശക്തികളെ (disorder / chaos) പ്രതിരോധിച്ച് സമൂഹത്തിൽ നീതിയുടെ പുനഃസ്ഥാപനം, നിലനിൽപ്പ്, വീണ്ടെടുപ്പ് എന്നിവ ലക്ഷ്യമിടുന്നവയാണ്. അതുകൊണ്ട് സൃഷ്ടിയിൽ നിലനിൽക്കേണ്ട നീതിയധിഷ്ഠിത സമാധാനം (ഷാലോം) ആണ് പ്രമേയം. ഇവിടെ സമാധാനം എന്നത് നിയമാധിപത്യത്തിലൂടെ സ്ഥാപിതമാകുന്ന എതിർപ്പുകൾ ഇല്ലാത്ത നിശബ്ദതയല്ല പ്രത്യുത ദൈവികനീതിയുടെ പാലനത്തിലൂടെ സമൂഹം നേടിയെടുക്കുന്ന സമൃദ്ധി, സ്വാതന്ത്ര്യം, അനുരഞ്ജനം എന്നിവയുടെ പൂർണ്ണതയിലുള്ള അനുഭവമായാണ് വ്യവഹരിക്കപ്പെടുന്നത്. അത്തരം ഒരു നീതി - അനുരഞ്ജിത സമൂഹത്തിന്റെ രൂപപ്പെടൽ ആണ് പഴയനിയമ നീതിസങ്കല്പം വിഭാവനം ചെയ്യുന്നത്. അരാജകത്വം, അക്രമം, ജീർണ്ണത എന്നിവ നിയന്ത്രിച്ച് സമൂഹത്തെ നീതിയിൽ അധിഷ്ഠിതമായ സമാധാനത്തിൽ എത്തിക്കുന്നതിനുള്ളതാണ് പഴയനിയമ നൈതിക പ്രമാണങ്ങൾ.

അതുകൊണ്ട് പഴയനിയമ പ്രമാണങ്ങളുടെ പേരിൽ അതിനെ വിമർശിക്കുന്നവർ ഇതിന്റെ പശ്ചാത്തലം മനസ്സിലാക്കിയാൽ ഉന്നയിച്ച ആരോപണത്തിന് പരിഹാരമാവുന്നതാണ്. ക്രിസ്തീയ സഭയെ ദൈവരാജ്യം (Kingdom of God) എന്ന പരിപ്രേക്ഷ്യത്തിലാണ് കർത്താവ് അവതരിപ്പിക്കുന്നതെങ്കിലും അത് ഐഹികമല്ല എന്ന് ക്രിസ്തു തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ. 18:36). അതുകൊണ്ട് സിവിൽ - ക്രിമിനൽ നിയമങ്ങളും അവയുടെ നിർവഹണത്തിനുള്ള അധികാരഘടനയും സഭയ്ക്ക് അന്യമായിട്ടാണ് ക്രിസ്തു വിഭാവനം ചെയ്തത്. പിൽക്കാലത്ത് കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുവിശ്വാസിയായതോടെ സഭയും രാഷ്ട്രവും ചേർന്നു പ്രവർത്തിച്ചിരുന്ന പഴയനിയമ രീതിയിലായി. കേസറിയായിലെ യൗസേബിയോസിനെ പോലുള്ള പിതാക്കന്മാർ ആ സംവിധാനത്തെ ആശയവത്കരിക്കുക കൂടി ചെയ്തതോടെ അതു പഴയനിയമ സമാനമായ ഭരണക്രമമായി മാറി. അതുകൊണ്ട് പഴയനിയമത്തിലെ നിയമപുസ്തകങ്ങളിൽ കാണുന്ന ഭരണനിയമങ്ങളുടെ പേരിൽ പഴയനിയമ ധാർമ്മികതയെ വിമർശിക്കുന്നതിൽ അപാകതയുണ്ട്.

അതുപോലെ ഇസ്രായേൽ രാഷ്ട്രത്തിൽ ആധുനിക ജനാധിപത്യ രാജ്യങ്ങളിലേതു പോലെ legislature, executive, judiciary എന്നീ തരത്തിൽ ഭരണ സംവിധാനത്തിനു വേർതിരിവും വികേന്ദ്രീകൃത രൂപവും ഉണ്ടായിരുന്നില്ല. അത് എല്ലാ അർത്ഥത്തിലും ഒരു ദൈവരാഷ്ട്രം (theocratic nation) എന്ന നിലയിൽ ആയിരുന്നു. നീതിയുടെ അടിസ്ഥാനം നിയമം ആയിരുന്നു. നിയമങ്ങളാകട്ടേ ദൈവദാനവും ആയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ നീതി നിർവഹിക്കപ്പെടുന്നു. അതുകൊണ്ട് ഭരണസംവിധാനത്തിൽ വിഭജനവും ഏകോപനവും ഒന്നും ആവശ്യം വരുന്നില്ല. പഴയനിയമത്തിലെ ന്യായാധിപന്മാർ (Shoftim) എന്ന് വിളിക്കപ്പെട്ടവർ വാസ്തവത്തിൽ ന്യായം വിധിക്കുന്നവർ ആയിരുന്നില്ല. അവർ ഭരണാധികാരികളും യുദ്ധത്തിൽ ജനത്തെ നയിക്കുന്നവരുമായിരുന്നു. പഴയനിയമത്തിലെ 'ന്യായാധിപന്മാർ' എന്ന ഗ്രന്ഥം അതിനു സാക്ഷിയാണ്. അതുപോലെ നിയമത്തിന്റെയടിസ്ഥാനത്തിൽ സമൂഹം തന്നെ ശിക്ഷകൾ നടത്തി വന്നിരുന്നു. ഉദാഹരണമായി സ്തേഫാനോസിനെ വധിച്ചതു ജനക്കൂട്ടമാണ്. പാപിനിയെ വധിക്കുവാനായി ക്രിസ്തുവിന്റെയടുക്കൽ കൂടിയ ജനം മറ്റൊരു ഉദാഹരണം. നിയമമായിരുന്നു ശിക്ഷയുടെ മാനദണ്ഡം. അതിന്റെയടിസ്ഥാനത്തിലാണ് ശിക്ഷ നടപ്പിലാക്കിയിരുന്നത്. വിധി പ്രഖ്യാപിക്കുന്നതും നടപ്പിലാക്കുന്നതും ആരുമാകാം.

ആയതിനാൽ ഇന്നത്തെ സെക്കുലർ - ജനാധിപത്യ വ്യവസ്ഥിതിയുമായി ഒരു താരതമ്യപഠനത്തിന് പരിമിതിയുണ്ട്. ന്യായപാലകർക്കായിരുന്നില്ല പ്രാധാന്യം. ന്യായപ്രമാണത്തിനും ന്യായപാലനത്തിനുമായിരുന്നു.

ആധുനിക സമൂഹത്തിന്റെ നീതിസങ്കല്പം രൂപം കൊണ്ടത് റോമൻ നിയമ സംവിധാനത്തിൽ നിന്നാണ്. എന്നാൽ അത് ഇന്നത്തെ നിലയിലേയ്ക്കു വികസിച്ചത് യൂറോപ്പിൽ രൂപപ്പെട്ട പ്രബുദ്ധത (Enlightenment) യുടെ സ്വാധീനത്തിലാണ്. ഫ്രഞ്ചു വിപ്ലവത്തിലേയ്ക്കു നയിച്ച തുല്യത, സാഹോദര്യം, സ്വാതന്ത്ര്യം എന്നീ ആശയങ്ങൾ സിവിൽ - മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ, വ്യക്തി - പൗര സ്വാതന്ത്ര്യങ്ങൾ എല്ലാം ആധുനിക കാലത്തിന്റെ സംഭാവനകൾ ആണ്. അവയുടെയടിസ്ഥാനത്തിൽ പഴയനിയമ നിയമങ്ങളെ വിലയിരുത്താനാവില്ല. മനുഷ്യചരിത്രത്തിലെ ഏതെങ്കിലും കാലഘട്ടത്തിലെ മൂല്യവ്യവസ്ഥകൾ മാനദണ്ഡങ്ങ (norms) ളാക്കി അവയെ ആത്യന്തികവത്കരിച്ച് (absolutize) മറ്റൊരു കാലത്തെ നിയമങ്ങളെ മൂല്യനിർണ്ണയം ചെയ്യുന്നതിൽ അപാകതയുണ്ട് . മനുഷ്യന്റെ ധാർമ്മികത, മൂല്യബോധം, കാഴ്ചപ്പാടുകൾ, യുക്തി ഇവയെല്ലാം പരിവർത്തന വിധേയമാണ്. കൂടാതെ പഴയനിയമ പ്രമാണങ്ങൾ ദൈവദത്തമാണ്. പ്രബുദ്ധതയുടെയും യുക്തിയുടെയും അടിസ്ഥാനത്തിൽ ദൈവിക നിയമങ്ങളെ എങ്ങനെ മൂല്യനിർണ്ണയം ചെയ്യാനാകും .

ഐക്യരാഷ്ട്ര സംഘടനയുടെ രൂപപ്പെടലോടെ 1948-ൽ Universal Declaration of Human right പാസ്സായി . അവിടെ മനുഷ്യന്റെ അവകാശ സ്വാതന്ത്ര്യങ്ങൾ നിയമപരമായി പ്രഖ്യാപിക്കപ്പെട്ടു. ഈ പ്രഖ്യാപനത്തിന്റെ ഉള്ളടക്കത്തിൽ നിശ്ചയമായും ധാർമ്മികതയുടെ ഒരു അംശമുണ്ട്. എന്നാൽ അവിടെ ധാർമ്മികത എന്നത് വെറും നിയമാധിഷ്ഠിതമായ ഒന്നായിത്തീർന്നു. വ്യക്തിയുടെയും സമൂഹത്തിന്റെയും അവകാശ സ്വാതന്ത്ര്യങ്ങൾ നിയമപരമാകുമ്പോഴും അവയെല്ലാം ധാർമ്മികമാകണം എന്നില്ല. കാരണം അവിടെയും പ്രകടമാകുന്നത് റോമൻ നീതിയാണ്. ന്യായവിചാരണ സ്ഥാപനത്തിലെ കണ്ണുമൂടിക്കെട്ടിയ സ്ത്രീപ്രതിമ പ്രതിനിധാനം ചെയ്യുന്നത് തുല്യ നീതിയാണ്. തുല്യതയില്ലാത്ത സമൂഹത്തിൽ തുല്യ നീതി ധനികനും കരുത്തനും അനുകൂലമാണ്. എന്നാൽ പഴയനിയമ നീതി മനുഷ്യന്റെ അവകാശ സ്വാതന്ത്ര്യങ്ങളുടെ സ്ഥാപനത്തിനുപരി സമൂഹത്തിൽ ദുർബലർക്ക് ന്യായം ഉറപ്പിക്കുകയും അനുരഞ്ജനം സാദ്ധ്യമാക്കുകയുമാണ്. ആധുനിക സമൂഹത്തിൽ നിയമനിർമ്മിതിയെ നിയന്ത്രിക്കുന്നത് നിലവിലിരിക്കുന്ന സംസ്കാരം (culture) ആണ്. ധർമ്മവിചാരമാണ് എന്നു പറയാനാവില്ല. മനുഷ്യന്റെ സംസ്കാരത്തിനും പ്രബുദ്ധതയ്ക്കും അനുസൃതമായ നീതി ചിന്തയുടെ രൂപപ്പെടലും വികാസവുമാണ് അവിടെ നടക്കുന്നത്. എന്നാൽ വെളിപാടിൽ അധിഷ്ഠിതമായ ധർമ്മവിചാരത്തിന് പരിണാമ സ്വഭാവം (evolutionary nature) ഉണ്ടെങ്കിലും അവ ചരിത്ര നിബന്ധിതവും (historically conditioned) സംസ്കാരാനുരൂപവും (culturally bound) ആണെന്ന് പറയാനാവില്ല . പഴയനിയമ ധാർമ്മികത ചരിത്രത്തിനും സംസ്കാരത്തിനും വെല്ലുവിളി (challenge) ഉയർത്തുന്നതാണ് എന്നു കാണേണ്ടിയിരിക്കുന്നു. അതുകൊണ്ട് ആധുനിക സെക്കുലർ വീക്ഷണം ദൈവിക ധർമ്മവിചാരണ വിലയിരുത്താനുള്ള മാനദണ്ഡമായിക്കൂടാ.

ഉത്തരാധുനികതയുടെ കാലത്ത് അതിനു പിമ്പുള്ള സകല മൂല്യഘടനയെയും വിചാരണ ചെയ്യുകയായിരുന്നു. എന്തിന് നിയമരംഗത്തു പോലും ഈ വ്യതിയാനം പ്രകടമാണ്. സ്വവർഗ്ഗരതി, ഹ്രസ്വകാല വിവാഹം, വിവാഹരഹിത കൂട്ടുജീവിതം എന്നിവയെല്ലാം നിയമപ്രാബല്യം നേടി വരുന്നു. മാറിവരുന്ന നീതി - സദാചാര ധാരണകളും മാനദണ്ഡങ്ങളും അടിസ്ഥാനപ്പെടുത്തി ഗതകാല ധാർമ്മികതയെയും നിയമങ്ങളെയും വിലയിരുത്തുന്നതിനു പരിമിതിയുണ്ട്. അതുപോലെ പഴയനിയമത്തിലെ ദൈവിക ശാസനകൾ, ഇടപെടലുകൾ എന്നിവയുടെ മൂല്യം, സാധുത എന്നിവയെ അവമതിച്ചുകൊണ്ട് ക്രിസ്തുവിൽ നിന്നും പ്രതികരണം ഉണ്ടായതായി സുവിശേഷങ്ങളിൽ സൂചനകളില്ല. പഴയനിയമത്തിലെ സദാചാര - നിയമസംഹിതകളെ പുതിയനിയമം നിരാകരിക്കുന്നില്ല. വാസ്തവത്തിൽ അവയെ വിപ്ലവകരിക്കുക (radicalize) യാണുണ്ടായത്. ന്യായപ്രമാണത്തിന്റെ പരിവർത്തിത രൂപമാണ് സുവിശേഷത്തിലെ ധാർമ്മിക പ്രമാണങ്ങൾ. അവിടെ ധാർമ്മിക പരിവർത്തനവും പരിണാമവും സംഭവിക്കുന്നു. എങ്കിലും, അവിടെ ധ്രുവീകരണവും വൈരുദ്ധ്യവും ഇല്ല. പ്രത്യുത വെളിപാടിന്റെ തോതനുസരിച്ചുള്ള ആന്തരിക പരിണാമമാണ് ഉള്ളത്. എന്നാൽ സുവിശേഷം അവയുടെ സാക്ഷാത്കാരവും പൂർത്തീകരണവും ആയിട്ടാണ് കാണുന്നത് (മത്താ. അധ്യാ. 5 & 6). സുവിശേഷവും തോറയും വിരുദ്ധ ധ്രുവങ്ങളായി ക്രിസ്തു പരിഗണിക്കുന്നില്ല. ഈ കാര്യങ്ങളെല്ലാം പഴയനിയമ ധാർമ്മികതയെ സംബന്ധിച്ച പഠനത്തിന്റെ തയ്യാറെടുപ്പിൽ നാം മനസ്സിലാക്കിയിരിക്കേണ്ട വസ്തുതകളാണ്.

പഴയനിയമത്തിലെ നിയമ പുസ്തകങ്ങളിൽ കാണുന്ന നിയമങ്ങൾ കുറ്റ - ശിക്ഷാ നിയമങ്ങൾ (criminal laws), സിവിൽ നിയമങ്ങൾ (civil laws), ആരാധനാ - യാഗ - അനുഷ്ഠാന നിയമങ്ങൾ (cultic laws) എന്നിവയാണ്. അതിൽ കുറ്റ - ശിക്ഷാ നിയമങ്ങൾ പ്രതികാരനിയമങ്ങൾ ആയി പരിഗണിക്കാവുന്നതല്ല. അവ കുറ്റകൃത്യങ്ങൾ തടയുന്നതിനും അനിയന്ത്രിത പ്രതികാരങ്ങൾ പ്രതിരോധിക്കുന്നതിനും വേണ്ടിയാണ്. തുല്യവും സന്തുലിതവുമായ ശിക്ഷാ നിയമങ്ങളാണവ. അതുപോലെ സിവിൽ നിയമങ്ങൾ ആർക്കെങ്കിലും വന്ന നഷ്ടങ്ങൾ പരിഹരിക്കുന്നതിനു ലക്ഷ്യമിടുന്നവയാണ്. യാഗ - അനുഷ്ഠാന നിയമങ്ങൾ പലപ്പോഴും മൃഗങ്ങളെ കൊന്നു കൊണ്ടായിരുന്നു. അതും വിമർശനവിധേയമായ നടപടിയായിരുന്നു. എന്നാൽ അതു ദൈവത്തെ പ്രസാദിപ്പിക്കുന്നതിനായിരുന്നില്ല. പഴയനിയമ യാഗങ്ങൾ ക്രിസ്തുവിന്റെ പീഡാനുഭവ സാന്നിദ്ധ്യമായിരുന്ന പാപപരിഹാര കർമ്മങ്ങളും വിശുദ്ധ കുർബാനയുടെ സൂചകമായ ഭക്ഷണ കൂട്ടായ്മയും ആയിട്ടാണ് സഭ മനസ്സിലാക്കുന്നത്. ഏതായാലും വ്യക്തിപരമായ അക്രമവും പ്രതികാരവും പഴയനിയമ പാരമ്പര്യങ്ങൾ അനുവദിക്കുന്നില്ല. മാത്രമല്ല, അവയെ പരിമിത (confine) പ്പെടുത്തുകയും പരിഷ്കരിക്കുക (modify) യും നിയന്ത്രിക്കുക (control) യും ആണ് (ഉല്പ. 49 :7-9) ചെയ്യുന്നത്. ദൈവം നൽകുന്ന കടുത്ത ശിക്ഷകൾ അനിയന്ത്രിത പ്രതികാരമാണ് എന്ന ചിന്തയും ശരിയല്ല. ദൈവത്തിന്റെ നടപടികളും ഇടപെടലുകളും ക്രമരഹിത സാഹചര്യങ്ങളെ ക്രമനിബദ്ധമാക്കുവാൻ ലക്ഷ്യമിടുന്നവയാണ്. Peace is the goal and result of all God's action against the situation of chaos (The Church's Peace witness, p. 86). ദൈവിക ഇടപെടലുകളെ അളക്കാനുള്ള യുക്തിയും ധാർമ്മിക മാനദണ്ഡവും മനുഷ്യന്റെ വിശകലനശേഷിക്കതീതമാണ് എന്നോർക്കുക.

ഏതൊരു പഠനത്തിനും അവലംബിക്കേണ്ട സാങ്കേതികമായ തയ്യാറെടുപ്പുകൾ പഴയനിയമ ധാർമ്മികതയെ പറ്റിയുള്ള പഠനത്തിനും ആവശ്യമാണ്. എന്നാൽ അതോടൊപ്പം പഠനം സന്തുലിതമാകാൻ പഴയനിയമത്തിന്റെ ആശയലോകത്തോടു സംവേദനത്വം പുലർത്തേണ്ടതുമുണ്ട്. കൂടാതെ ഇവ രൂപപ്പെട്ട വിശ്വാസിസമൂഹത്തിന്റെ കാഴ്ചപ്പാട്, അതു തിരുവെഴുത്തായി കഴിഞ്ഞ രണ്ടായിരം വർഷം അംഗീകരിച്ച് തങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായി കരുതിയ ക്രൈസ്തവസഭാ പൈതൃകത്തോടുള്ള വിശ്വസ്തത എന്നിവയെല്ലാം പഠനത്തിന് ആവശ്യമാണ് .

When Christians hold and pass down interpretations of Scripture, they gradually became taken for granted as unequivocal expressions of "what the Bible says." While there is nothing necessary wrong with traditional modes of interpretation, they become problamatic, when they harbor subtle fallacies, that render Scripture themselves questionable, not Just interpretative lens being applied. There will always be passages, in the Scriptures that serve difficult to square with human rationality and moral norms. Most often ,the difficulty stems from our own under-

standing or (lack there of) not with the text. The problem is not the Scriptures, but rather the way we have come to read the Scripture (De yong p , 43, 44) . അതായത് പ്രശ്നം പഴയനിയമ തിരുവെഴുത്തുകളല്ല ; അത് ആധികാരികമായി വ്യാഖ്യാനിക്കുവാൻ ഉള്ള പ്രാവീണ്യമോ സാങ്കേതികജ്ഞാനമോ തിരുവെഴുത്തിനോടുള്ള അടിസ്ഥാനപരമായ വിശ്വസ്തതയോ ഇല്ലാത്തതാണ് എന്ന നിഗമനത്തിൽ എത്തേണ്ടതായി വരുന്നു.

പഴയനിയമധാർമ്മികത സംബന്ധിച്ച പഠനത്തിനു നിർണ്ണായകമായി അവലംബിക്കുന്നത് പഴയനിയമ നിയമസംഹിതയെ തന്നെയാണ്. കാരണം അതാണ് പഴയനിയമത്തിലെ നീതി നിർവ്വചിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഘടകം. ഇവയാണ് പ്രവചന ഗ്രന്ഥങ്ങളുടെ തന്നെ ചിന്ത രൂപപ്പെടുത്തുന്ന അടിസ്ഥാനം എന്നത്. അതുപോലെതന്നെ സങ്കീർത്തനങ്ങൾ, വിജ്ഞാന ഗ്രന്ഥങ്ങൾ, വിവരണങ്ങൾ എന്നിവയിലെല്ലാം പ്രതിഫലിക്കുന്നത് ന്യായപ്രമാണ ആശയങ്ങളാണ്. ഈ അടിസ്ഥാന കാഴ്ചപ്പാട് മനസ്സിലാക്കിയാൽ പഴയനിയമ നീതിസങ്കല്പം എന്തെന്ന് ഗ്രഹിക്കുവാനാകും. ഇതന്വേഷിക്കാതെ പഴയനിയമത്തിലെ ചില ഒറ്റപ്പെട്ട സംഭവങ്ങൾ, വിവരണങ്ങൾ എന്നിവ ഉയർത്തിക്കാണിച്ചു നടത്തുന്ന വാദങ്ങൾ അധികാരികമായി കാണാനാവില്ല. ദൈവവചനം എന്ന നിലയിൽ പഴയനിയമ തിരുവചനത്തെ കണ്ട് അതിലെ ദുർഗ്രഹതകൾ ദൈവാത്മാവിൽ അന്വേഷിച്ചും സഭയുടെ ഇതഃപര്യന്തമുള്ള തിരിച്ചറിവുകൾ അംഗീകരിച്ചും സത്യം തിരിച്ചറിയുന്നതിന് ആധുനിക മാനദണ്ഡങ്ങൾ പ്രയോജനപ്പെടുത്തിയും കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചാൽ പഴയനിയമ ധാർമ്മികത സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള തെറ്റിദ്ധാരണകൾ മാറ്റിയെടുക്കുവാൻ സാധിക്കും.

(തുടരും)



മാർത്തോമ്മൻ പൈതൃക സംഗമം വടക്കൻ മേഖലാ പതാക പ്രയാണത്തെ തൃശ്ശൂർ ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ മിലിത്തിയോസ് സ്വീകരിക്കുന്നു.



മാർത്തോമ്മൻ പൈതൃക സംഗമത്തിനു മുന്നോടിയായി ആരംഭിച്ച വടക്കൻ മേഖലാ സന്ദേശയാത്ര അങ്കമാലി ഭദ്രാസന ആസ്ഥാനമായ തൃക്കുന്നത്ത് സെമിനാരിയിൽ എത്തിയപ്പോൾ യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ സ്വീകരിക്കുന്നു.



മാർത്തോമ്മൻ പൈതൃക സന്ദേശ യാത്രക്ക് കുന്നംകുളം ഭദ്രാസന സ്വീകരണം.



17-ാമത് ചെങ്ങന്നൂർ ഭദ്രാസന കൺവൻഷൻ ബഥേൽ അരമനയങ്കണത്തിലെ മാർ പീലക്സീനോസ് നഗറിൽ ഫെബ്രുവരി 14-നു ആരംഭം കുറിച്ചു. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് അധ്യക്ഷത വഹിച്ച സമ്മേളനം കുര്യാക്കോസ് മാർ ക്ലിമ്മീസ് ഉദ്ഘാടനം ചെയ്തു.



കുണ്ടറ എം.ജി.ഡി. ഹയർ സെക്കൻഡറി സ്കൂളിൽ പുതുതായി നിർമ്മിച്ച കെട്ടിടങ്ങളുടെ കൂദാശയും ഉദ്ഘാടനവും 2024 ഫെബ്രുവരി 8-ന് എം.ഡി. കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ നടന്നു.



The 2024 Year Projects of St. George's OCYM, City of London inaugurated in grandeur by OCYM president Dr Geevarghese Mar Yulios.

Article

Service of Consecration of a Church: Some Elementary Theological Reflections

Fr. Dr. K. M. George

"The Most High does not live in houses made by human hands. As the prophet says: 'Heaven is my throne, and the earth is my footstool. Where is the house you will build for me? Where will my resting place be? Has not my hand made all these things, and so they came into being"

(Acts 7: 48-49 from the inspired speech of Stephen the first martyr quoting prophet Isaiah 66:1-2. Apostle Paul also quotes Isaiah while speaking to the Athenians in Acts 17:24.)

1. How old is the practice of consecrating church buildings?

Consecrating the places of worship with a service of blessing is an ancient Christian practice that goes back to the time when Christians began building special places for community worship, particularly for the celebration of the Holy Qurbana (Holy Eucharist). In the very early period of Christianity, the Apostles and the Elders, together with the community, usually gathered in private houses. They were called *house churches* in the New Testament. We have some archaeological evidence of such a house church from the middle of the 3rd century in the ancient site called *Dura-Europos* in Syria. In many other places in the world, including India, where the apostles preached the gospel and established the Christian church, similar arrangements for the gathering of the faithful must have existed. By 4th century, when Christianity became the official religion of the Roman/ Byzantine Empire, a flurry of church construction started, and elaborate rituals and prayers were developed for the consecration of such buildings.

2. Is blessing of the church building similar to the blessing of our houses?

Yes, to some extent. Blessing a house is a simple ceremony while consecrating a church is an elaborate service. There is a universal tradition of specially sanctifying and consecrating the places and buildings where we live and worship. The word *consecrate* means "make holy". So what is consecrated is set apart for a holy purpose.

When we build a new house we bless it and dedicate it to God so that peace and prosperity may dwell in the houses inhabited by human beings. In all religious traditions, there are specific instructions for constructing houses and places of worship. In India, as we are all familiar, the Hindu tradition has an elaborate system of *puja* rituals and *mantras* to build temples and houses.

3. Apart from this universal tradition, what is the specific scriptural meaning of the Christian Orthodox tradition of consecrating a church?

The Orthodox service for church consecration is a very elaborate one. Part of it is conducted on the eve of the day of consecration and the rest is done the next morning, and the whole thing ends with the Holy Qurbana. Many of the prayers and hymns in the Syriac Orthodox tradition reflect the Old Testament narratives about the house of God. They are very rich in



bringing out the symbols, images, allusions and allegories about preparing a place of worship. In the history of the people of Israel, for example, Jacob who slept on the open ground in the desert, had a dream that changed his whole life and mission. When he woke up, he strongly felt the presence of God there. Jacob then took the stone that had served him as a pillow, erected it vertically as a pillar, poured oil on it, and called the place Bethel, which means house of God. (Genesis 28:10-19). Thus, in a deserted place with no landmark, a house of God arose simply because someone felt God's presence right there. Later, with the coming of Moses, we see the Tent of Meeting or Tabernacle, which was a mobile house of God, for the people on the move in the desert (Exodus 33:7-9). In the Christian tradition, the Tabernacle assumes the role of a metaphor and spiritual symbol and has no physical or material significance (2 Corinthians 5:1-5; Hebrews 9:1-11, 10:14, 13:14; Ephesians 1:13-15, 2:8-9; and Romans 8:29).

Moses was instructed by God to design the tent of meeting according to the design shown to him on Mount Sinai (Exodus 25-27). We have no idea about the design revealed to him. But theologically, this is interesting because the original blue print or model of design of the place of worship is mysteriously transcendent. In other words, a place or building for the worship of God has an energy source that goes beyond the material construction by human beings. In the Orthodox tradition, we take this aspect of the transcendent spiritual force indwelling the human construction. We may compare this to the ancient Indian tradition of focusing the cosmic energy into a particular place or object where people worship.

4. What is the connection/difference, if any, between the house of God, the human house, and the human body?

There is a very deep spiritual connection between the human body, the human house, and the house of God/Church. Theologically and spiritually, as understood by the apostle Paul and the apostolic tradition, they are one

entity though known and distinguished as three different entities. St. Paul calls our body "the temple of the Holy Spirit". He says that if we desecrate or destroy our bodies, it is equivalent to destroying the house of God (1 Corinthians 6:19). It is evident here that there is a certain identification between our physical body, which houses the Holy Spirit of God, the physical house in which we, the bearers of the Holy Spirit, live, and the physical church building in which we worship and invoke the Holy Spirit. My body, therefore, is my first temple of God.

When I make the sign of the cross on my body, remembering the cross of Christ and the salvation brought to us by Jesus Christ crucified and risen, I am worshiping the Triune God in my body. When I think, speak, and act in the Spirit of Christ by means of my body, it becomes the house of God, where true worship is done. So as individuals, we are all houses of God because the Spirit of God dwells within us.

When we live together as a family in a house where we practice love and mutual care, forgiveness and compassion, hospitality and sharing, the house becomes the temple of the Holy Spirit, the house of God.oly Spieiryt

When we gather together as the *One Body* of Christ in the church building to celebrate the Holy Qurbana, to proclaim the gospel of life and salvation, and to call upon the Holy Spirit to dwell in us and in our world, that building becomes the house of God.

This gathering of the people of God is an essential act of building up the church. An individual believer cannot exempt himself or herself from it except for reasons of health and other physical limitations. The celebration of the liturgy in the fellowship gathering of love is more important than the material building or location. The fellowship of the Body of Christ in the power of the Holy Spirit continually constitutes the Church. The material church building itself is ancillary to this fellowship. It is only a functional necessity for the gathering of the believers. In other words, we can build up the Church or Body of Christ without a physical church building. Spiritually and symbolically, the church building in which the liturgical fellowship takes place becomes the house of God.

5. Do the Christian and Jewish understandings of the place of worship differ from each other?

Yes, and no. The Christian understanding of the place of worship is very different from the Jewish understanding of the Jerusalem temple at the time of Christ. The religious authorities at that time oppressed and exploited the common people in the name of the Law of Moses, while ritualizing and idolizing the material edifice of the temple of Jerusalem. That is why Jesus was so indignant in the temple and cast out the traders and money changers quoting the prophet that my house is called the house of prayer, but you have made it a den of robbers (Matthew 21:13). This shows that a physical building for worship can degenerate into a heinous place of evil forces if the clergy and the faithful do not take care of the holiness and mission of the Church, the Body of Christ.

6. Why do the Orthodox use the holy oil of *Mooron* (Myron or Holy Chrism) for the consecration of the church building?

It is very interesting to note that the Holy Oil is used in the Syriac Orthodox Church only for two purposes:

i. In Baptism, to anoint the baptized person. Pouring a few drops of the Holy Oil in the baptismal water is part of this service.

ii. To anoint the altar and the newly built church building.

It is important to note that the church building, including the sanctuary, is considered as a living organism, symbolizing the Body of Christ. So, both in the anointing of the living body of the baptized person and in the anointing of the material house of God, the same holy Mooron is used, assuming the church building also to be a living body indwelt by the Holy Spirit. This is in line with the sacramental understanding that even an inanimate object, such as a church building made of material things like wood, stone, and cement, can reflect and manifest the power and glory of God. Both the human body and the material building in which the believers are gathered for worship are inhabited by the Spirit of God.

7. Is it because the human body and the material building are unholy that we sanctify them to make them holy in the service of consecration?

No, absolutely not. The human body and all that God created are holy (1 Timothy 4:4). In the act of consecration, we intensify the given holiness to still higher levels. As we are called to move constantly to the infinite holiness of our Creator and Savior, there can be no end to this process of brightening up the holiness granted to creation. One may take the example of light to illustrate this. We can have a 5-watt electric bulb that gives out a faint light. You can upgrade the intensity of this light to say 40, 60, 100, 1000 watts, and far beyond. It is the same light but at various degrees of luminosity, and there is no limit to its power. Its upper limit in our solar system is perhaps the sun's maximum light. But suppose in a thought experiment, we bring together a thousand suns in our universe out of the billions of stars existing in our universe. Can we then imagine the combined power of light emitted by them? This can be an analogy for the idea of holiness. Every speck of created reality is holy because it was created out of the love and will of God. Like the potential nuclear energy embedded in matter, holiness is built into the creation in a potential form. We human beings, created in God's image and likeness, are called to bring out the potential energy of holiness in various degrees according to our ability and dedication. We may also reduce its power to naught by misusing our freedom. Consecrating our bodies, our houses, and our places of worship are to be understood in this process of sanctification and glorification, in which the Holy Spirit of God can work synergically with us humble and sinful human beings. As St. Paul says, we are being transformed into the image of God from glory to glory (2 Corinthians 3:18). So, it is our calling to grow into "the measure of the stature of the fullness of Christ" (Ephesians 4:13), and to raise the whole creation to the standard of the luminous Body of Christ. Again as St. Paul reminds Timothy, one should "rekindle the gift of God that is within us" (See 2 Timothy 1:6). Constant growth in grace and truth, love and peace, justice and holiness is integral to this process.

Our usual notion of light and darkness is a relative one. The question can be asked, to what degree can we minimize light and to what degree can we maximize it? When I turn off my only light in my tightly closed room, it is pitch darkness. But still, there are traces of light which we cannot immediately perceive but a cat can. In our contemporary cosmology, the darkest things in our galaxies are the black holes that can swallow light and matter absolutely into it. Stephen Hawking, the legendary theoretical physicist who passed away recently, used to quip: "Black holes aren't totally black". According to him, infinitesimal pulses of light may escape their gravitational power. On the other end of the spectrum, the intensification of light virtually goes to infinite dimensions. But we experience total darkness if we stretch our vision beyond a certain range, like for example, directly looking at the sun. That means our ordinary experience of light and darkness remain within a certain limited range. Metaphorically, this applies to our ideas about holiness, truth, love, justice, and so on. But the point is that even within this limited and relative range of experience, we have the possibility and freedom to expand our mind and spirit in the direction of still greater illumination and subtler perception of reality.


8. If God is everywhere why do we set apart a special place for worship?

This is a very practical question that needs a practical answer. When we build a house for us we set apart special places for cooking, dining, sleeping, bathing, and receiving guests (of course, this is possible only for people with some means while millions live either roofless or in one-room huts!). Depending on the size of our house, resources, and imagination, we can create new spaces within the house for several other things, like for prayer, watching TV, studying, family gatherings, and so on. Even if our bathroom is 100% clean and spacious, we do not take our food there for eating, nor to our bedroom. So, it is basically a functional division of space within the house, while the house all together gives us a total picture of our dwelling place. In the same way, we can worship anywhere in the universe, on land, in the sea, in the air, on a space station, or possibly in another planet in the future.

Let me cite a recent example. Some friends from the Orthodox Church got together and bought a little plot of land and created an extremely modest one-room hut and a "chapel" in the high ranges of Kerala. This is created mainly out very simple materials from the locality. The so-called chapel is a small space under a mango tree. A natural boulder lying close to the tree serves as the altar and the tree itself as the cross (remember, "Jesus was hanged on a tree" (Acts 5:30 and other references). It is fully open to natural surroundings and occasionally, the Holy Qurbana is celebrated there. The singing of birds, gurgling of a nearby forest stream, the energizing rays of the rising sun, and the silent greenery around gently mingle with the singing and chanting in the Holy Qurbana. The dome of the chapel is the sky, the floor is the earth. As we sing and pray, we sing with countless creatures that inhabit the surroundings that are rich in biodiversity. So, a place of worship can be as simple as this or as sophisticated as the legendary former Holy Wisdom Cathedral (*Hagia Sophia*) of Constantinople or St. Peter's Basilica in Rome. The crucial thing is not the building or its geographical location or its physical magnificence, but the gathering and fellowship of the people of God in love, forgiveness, reconciliation, repentance, sharing of resources, and intercession for all of God's creation and reaching out to the world for healing it and transfiguring it as a sign of the kingdom of God.

❑

പുസ്തകം



ഗുരുരത്നം ഫാ. ഡോ. റ്റി.ജെ ജോഷ്വ ജീവിതം നിയോഗം ദർശനം

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

CSS Books, Thiruvalla

Pages: 180, Price: Rs. 230.00

മാരാമൺ കൺവൻഷൻ നഗറിലെ CSS ബുക്സ് കേന്ദ്രത്തിൽ പുസ്തകം ലഭ്യമാണ്. തിരുവല്ല CSS ലും.

മലയാള സാഹിത്യത്തിലും വേദ ശാസ്ത്ര ബോധനത്തിലും വേദ വ്യാഖ്യാനത്തിലും പ്രകാശം പരത്തുന്ന മഹാ പ്രതിഭയാണ് ഫാ. ഡോ. റ്റി. ജെ. ജോഷ്വ. അദ്ദേഹത്തിന്റെ ജീവിതവും നിയോഗവും ദർശനവും ഹൃദ്യമായി ആവിഷ്ക്കരിച്ചിരിക്കുന്ന ഗ്രന്ഥമാണ് – 'ഗുരുരത്നം.'

ഇന്നത്തെ ചിന്താവിഷയം, പ്രഭാഷണകല, രോഗാനുഭവങ്ങൾ, സാന്ത്വന സാഹിത്യം, ജീവിതം, നിയോഗം, ദർശനം എന്നിവയെക്കുറിച്ച് സംവേദിക്കുന്നു.


മലയാളത്തിന്റെ സുവർണ്ണ നാവായ ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ എഴുത്തുകളും പ്രഭാഷണങ്ങളും ശുദ്ധ മലയാളത്തിലുള്ള ഹൃദ്യമായ സംവേദനമാണ്. വേദ വിശകലനങ്ങൾ ജനകീയമാക്കുന്നതിനായി ലളിതവും ഹൃദ്യവും ആകർഷകവുമായ ഭാഷാശൈലിയാണ് അദ്ദേഹം രൂപപ്പെടുത്തിയിട്ടുള്ളത്. മാനവ സമൂഹത്തിൽ ബൈബിൾ ദർശനത്തിന്റെ പൂക്കാലം വിരിയിക്കാനും സാന്ത്വന സ്പർശം പകരുവാനും ആ എഴുത്തുകൾക്ക് സർഗ്ഗസിദ്ധിയുണ്ട്.



ഫാ. ഡോ. റ്റി. ജെ. ജോഷ്വാ സുവർണ്ണ പുസ്തകം പ്രകാശനം ചെയ്തു

കോട്ടയം: പ്രമുഖ ദൈവശാസ്ത്രജ്ഞനും പ്രഭാഷകനും സാന്ത്വന സാഹിത്യകാരനുമായ ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ ബൈബിൾ ചിന്തകളും ജീവിത ദർശനവും അടങ്ങിയ "സുവർണ്ണ പുസ്തകം" അദ്ദേഹത്തിന്റെ 96-ാം ജന്മദിനമായ 2024 ഫെബ്രു. 13-ന് പള്ളം സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു.

കോട്ടയം ബസേലിയസ് കോളജ് മലയാള വിഭാഗം മേധാവിയും എഴുത്തുകാരനുമായ ഡോ. തോമസ് കുരുവിള തയ്യാറാക്കിയ പുസ്തകം ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് സ്വീകരിച്ചു. ഡോ. പോൾ മണലിൽ ഗ്രന്ഥപരിചയം നടത്തി. ഡോ. തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, ഫാ. ഡോ. റ്റി. ജെ ജോഷ്വാ, ഡോ. സിറിയക്ക് തോമസ് എന്നിവർ പ്രസംഗിച്ചു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മാധ്യമങ്ങളുടെ രാഷ്ട്രീയവും ധാർമ്മികതയും

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മാധ്യമങ്ങളുടെ രാഷ്ട്രീയവും നൈതികതയും വളരെ ചർച്ച ചെയ്യപ്പെടുന്നു. മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ച് നിരവധി സംവാദങ്ങളും നടക്കുന്നു. *മാധ്യമം: സ്വാതന്ത്ര്യം, രാഷ്ട്രീയം, നൈതികത* എന്ന വിഷയം പരസ്പരം ബന്ധിതമാണ്. എല്ലാ മാധ്യമങ്ങൾക്കും പ്രത്യേകതരം രാഷ്ട്രീയവും നൈതികതയും ഉണ്ട്. മാധ്യമ മാനേജുമെന്റിന്റെ കാഴ്ചപ്പാടിൽ മാധ്യമം/ചാനൽ പുലർത്തുന്ന രാഷ്ട്രീയവും (Politics) ധാർമ്മികതയും (Ethics) സ്വന്തം നിലപാട് ശരിയെന്ന് സ്ഥാപിക്കാറുണ്ട്. എല്ലാ മാധ്യമങ്ങൾക്കും നിലപാടും പക്ഷപാതങ്ങളും ഉണ്ട്. 'നിഷ്പക്ഷമായ മാധ്യമ' പ്രവർത്തനം എന്ന് പ്രഖ്യാപിക്കുമെങ്കിലും വസ്തുതകളുടെ വിവരണത്തിലും ദൃശ്യാവതരണത്തിലും വ്യാഖ്യാനത്തിലും പുലർത്തുന്നത് മാധ്യമ മാനേജുമെന്റിന്റെ കാഴ്ചപ്പാടുകളാണ്. അതിനാൽ 'സ്വതന്ത്ര്യ മാധ്യമ പ്രവർത്തനം' എന്നത് ഇന്ത്യയിൽ ഒരു സാങ്കല്പിക സമീപനം മാത്രമായി. എല്ലാ മാധ്യമങ്ങൾക്കും അവരവരുടേതായ കാഴ്ചപ്പാടുകളും സമീപനങ്ങളും ദർശനങ്ങളുമാണുള്ളത്.

മാധ്യമങ്ങളുടെ സ്വാതന്ത്ര്യവും രാഷ്ട്രീയവും എന്താണ്? മാധ്യമങ്ങൾ പുലർത്തുന്ന ധാർമ്മികത എപ്രകാരമുള്ളതാണ്? ഇൻഫർമേഷൻ ടെക്നോളജിയും നിർമ്മിത ബുദ്ധിയും ശക്തിപ്പെടുന്ന പുതിയ കാലത്തെ മാധ്യമ ധർമ്മം എങ്ങനെയുള്ളതാണ്. ഇങ്ങനെ നിരവധി ചോദ്യങ്ങൾ ഉന്നയിക്കാവുന്നതാണ്. ഇവയുടെ രാഷ്ട്രീയ, സാമൂഹിക മാനങ്ങൾ വിവിധതരത്തിൽ ചർച്ച ചെയ്യപ്പെടേണ്ടവയാണ്.

ഏതു ചോദ്യങ്ങൾക്കും ഉത്തരം നൽകുന്ന ചാറ്റ് ജി പി റ്റി യും 2023 ഡിസംബർ 7 ന് അവതരിപ്പിച്ച ഗൂഗിൾ ജമിനി എ. ഐ യും വിജ്ഞാന വിഭവ വിനിമയ പ്രക്രിയ പ്രകാശവേഗത്തിൽ അതിനൂതനത്വം സൃഷ്ടിക്കുന്നവയാണ്. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പുത്തൻ സാമൂഹിക, പരിസ്ഥിതിയുടേയും ആധുനിക നിർമ്മിതിയുടെയും സത്യവും നീതിയും ധർമ്മവും തിരിച്ചറിയുവാൻ പ്രേക്ഷകർക്ക് ഉത്തരവാദിത്വം ഉണ്ട്. മാധ്യമങ്ങൾ അവതരിപ്പിക്കുന്ന അതിയാഥാർത്ഥ്യ (Hyper Reality) വിവരണങ്ങളിൽ പൊതുജനങ്ങൾ നിസ്സഹായരായി തീർന്നിരിക്കുന്നു. നിഷ്ക്രിയരായ പ്രേക്ഷകരെ സൃഷ്ടിക്കുന്നതിൽ മാധ്യമങ്ങൾ പരസ്പരം നടത്തുന്ന മത്സരവും പോരാട്ടവും സർവ്വവിധമായ മാധ്യമ ധാർമ്മികതയും തകർക്കുന്നു.

മാധ്യമം എന്ന വിഷയത്തിൽ രാഷ്ട്രീയവും മതവും സംസ്കാരവും സാമ്പത്തികവും ജാതിയും വർഗ്ഗവുംഎല്ലാം ഉൾക്കൊള്ളുന്നു എങ്കിൽ, രാഷ്ട്രീയം, മതം, മൂലധനം എന്നിവയിൽ കേന്ദ്രീകരിച്ചാണ് ഉള്ളടക്ക വിഭജനം ഉൾച്ചേർക്കുന്നത്. മാധ്യമങ്ങളുടെ റേറ്റിംഗ് വർദ്ധിപ്പിക്കുന്നതിനും അതുവഴി സാമ്പത്തിക അടിത്തറ ഉറപ്പിക്കുന്നതിനുമുള്ള മത്സരമാണ് ഇപ്പോൾ ശക്തിപ്പെടുന്നത്.

ഇൻഫർമേഷൻ ടെക്നോളജിയും മാധ്യമങ്ങളും നിർമ്മിത ബുദ്ധിയിൽ അധിഷ്ഠിതമായി വാർത്താ വിവരണങ്ങൾക്ക് പ്രാധാന്യം നൽകുന്ന പുത്തൻ കാലമാണിത്. ടെലിവിഷൻ ചാനലുകളും പത്രമാധ്യമങ്ങളും സാമൂഹിക മാധ്യമങ്ങളും യഥേഷ്ടം വിജ്ഞാന വിഭവങ്ങൾ പങ്കിടുമ്പോൾ വാർത്താവിവരണങ്ങളിലെ സത്യവും മിഥ്യയും തിരിച്ചിടുവാൻ കഴിയാതെ വരുന്നു.

നിർമ്മിത ബുദ്ധിയും ജൈവസാങ്കേതികതയും സമന്വയിപ്പിച്ച് അതിമാനുഷത്വവും (super human) ഡേറ്റായിസവും സൂക്ഷിക്കുന്ന മാനവാനന്തര കാലത്ത് (post humanism) മാധ്യമങ്ങളിലൂടെ സമ്മതങ്ങൾ അതശീഘ്രം സൃഷ്ടിക്കപ്പെടുകയാണ്.

പ്രശസ്ത ചിന്തകനായ എഡ്വാഡ് എസ് ഹെർമ്മനും നോം ചോസ്ക്കിയും ചേർന്ന് 1988 ൽ എഴുതിയ *സമ്മതങ്ങളുടെ നിർമ്മിതി. മാധ്യമങ്ങളുടെ രാഷ്ട്രീയ സമ്പദ്വ്യവസ്ഥ.* (Manufacturing Concent: The Political Economy of



the Mass Media) എന്ന കൃതി എക്കാലവും വളരെ പ്രസക്തമാണ്. മാധ്യമങ്ങളുടെ രാഷ്ട്രീയ സമ്പദ് ദർശനങ്ങൾക്ക് അനുസൃതമായി വാർത്താ വിവരണ വ്യാഖ്യാനം വഴി പൊതുജനസമ്മതം സൃഷ്ടിച്ചെടുക്കുകയാണ് എന്ന് ഇതിൽ തെളിയിക്കുന്നു.

മാധ്യമങ്ങൾ വസ്തുതകളെയും വിഭവങ്ങളേയും സ്വന്തം താൽപര്യങ്ങൾക്കനുസൃതമായി മുറിച്ച് ഒട്ടിച്ച് (cut and paste) അവതരിപ്പിക്കുന്നതിനാൽ വാർത്താ ദൃശ്യവിവരണങ്ങൾ അധികവും സമ്മതനിർമ്മിതിയായി തീരുന്നു. മാധ്യമങ്ങളുടെ താല്പര്യങ്ങൾക്കനുസൃതമായി വാർത്ത ഉല്പാദിപ്പിച്ച് പൊതുസമൂഹത്തിൽ നിരന്തരമായി അവതരിപ്പിച്ച് സമ്മത നിർമ്മിതി നടത്തുന്ന നിരന്തരമായ പ്രക്രിയയാണിത്. അതിനാൽ ഓരോ മാധ്യമവും പ്രത്യേകതരം രാഷ്ട്രീയ ബോധ്യങ്ങൾ നിർമ്മിച്ച് പൊതുജനത്തിന്റെ മനസ്സിൽ സമ്മതം രൂപപ്പെടുത്തിയെടുക്കുകയാണ്. ഇതിനെയാണ് *സമ്മതങ്ങളുടെ നിർമ്മിതി* (manufacturing concept) എന്ന് മാധ്യമ വിമർശകർ വിവക്ഷിക്കുന്നത്. ഓരോ ചാനലും പത്രവും അവരുടെ രാഷ്ട്രീയ മതബോധ്യങ്ങൾ പൊതുസമൂഹത്തിൽ അടിച്ചേൽപ്പിച്ച് സമ്മതിപ്പിക്കുമ്പോൾ അതിൽ വിശ്വസിക്കുന്ന '*ഒരു ഭൂരിപക്ഷം*' ഉണ്ടാകുന്നു. സ്വന്തം ബുദ്ധിയും യുക്തിയും മരവിപ്പിക്കതക്ക രീതിയിലാണ് സമ്മതങ്ങൾ നിർമ്മിച്ച് അവതരിപ്പിക്കുന്നത്. അതിനാലാണ് ഒരു വിഷയത്തെക്കുറിച്ച് വ്യത്യസ്ത മാധ്യമങ്ങൾ വ്യത്യസ്ത രീതിയിൽ വിവരണവും വ്യാഖ്യാനങ്ങളും നൽകുന്നത്. ചാനലുകൾ മാറി മാറി ആസ്വദിക്കുമ്പോൾ വിഷയ വിശകലനങ്ങൾ പകരുന്നത് അവ്യക്തത മാത്രമായിരിക്കും.

സമ്മത നിർമ്മിതിക്കൊപ്പം നുണപ്രചരണവും (post truth), പണം വാങ്ങിയുള്ള വിവരണങ്ങളും (paid news) മാധ്യമങ്ങൾ സ്വന്തമാക്കിയിരിക്കുകയാണ്. അമേരിക്കൻ മാധ്യമ ചിന്തകനായ റാൽഫ് കെയ്സ് 2004 ൽ പുതുയുഗത്തെ വിശേഷിപ്പിച്ചത് *സത്യാനന്തരകാലം* (The post truth Era) എന്നാണ്. *സമകാലിക ജീവിതത്തിലെ അവിശ്വാസവും വഞ്ചനയും* എന്നാണ് സത്യാനന്തരകാലത്തെ കുറിച്ച് അദ്ദേഹം പറഞ്ഞത് (The post truth Era: Dishonesty and Deception). മാധ്യമ ലോകം പകരുന്നത് സത്യാനന്തര വൃത്താന്തങ്ങളാണ്. സത്യമെന്ന് ദ്യോതിപ്പിക്കുന്ന വിഭവ വിജ്ഞാന ദൃശ്യ വിവരണങ്ങളാണ് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. അതിവേഗം സത്യത്തെ തമസ്ക്കരിക്കുകയും തിരസ്ക്കരിക്കുകയും വക്രീകരിക്കുകയും ചെയ്യുന്നു.

മാധ്യമങ്ങൾക്ക് സത്യമെന്ന് തോന്നുന്നത് മാധ്യമങ്ങളുടെ സത്യമായി പൊതുജന സമക്ഷം അവതരിപ്പിക്കുന്നു. സമൂഹത്തിൽ ചർച്ച ചെയ്യുന്ന ഒരു വിഷയം വളരെ വ്യത്യസ്തമായി ഓരോ മാധ്യമവും അവതരിപ്പിക്കുമ്പോൾ സത്യം എന്താണെന്ന് തിരിച്ചറിയുവാൻ കഴിയാതെ വരുന്നു. വസ്തുതകളുടെ

വിനമയത്തിലും അവതരണത്തിലും പക്ഷാപാതവും വക്രീകരണവും രാഷ്ട്രീയ മതതാല്പര്യങ്ങളും പ്രത്യയ ശാസ്ത്രങ്ങളും അതിശക്തമായി പ്രതിഫലിപ്പിക്കുന്നു. ഇത്തരം മാധ്യമപക്ഷ പാതങ്ങൾ (media bias) കേരളത്തിലെ മാധ്യമങ്ങളുടെ നിലനിൽപ്പിനും പ്രചരണത്തിനും വഴിയും വെളിച്ചവും പകരുന്നു. മാധ്യമങ്ങളുടെ പക്ഷപാത സമീപനം വളരെ സുവ്യക്തമായി ഓരോ മാധ്യമവും വിളിച്ചറിയിക്കുന്നുണ്ട്. 'നിഷ്പക്ഷമായ മാധ്യമ പ്രവർത്തനം' എന്നു പ്രഖ്യാപിക്കുമ്പോളും പക്ഷം പിടിച്ചുള്ള മാധ്യമ കവറേജുകൾക്കാണ് പ്രാധാന്യം.

അസത്യ പ്രചരണങ്ങളും ഭാവനയിലൂടെയുള്ള വാർത്താ നിർമ്മിതിയും എല്ലാ മാധ്യമങ്ങളും ഏറ്റെടുത്തിട്ടുണ്ട്. മാധ്യമങ്ങൾ നുണകളും അസത്യങ്ങളും ഉല്പാദിപ്പിക്കുന്ന 'നുണ ഫാക്ടറികൾ' എന്ന ആക്ഷേപം ശക്തമാണ്. സാമൂഹിക മാധ്യമങ്ങൾ ഏവർക്കും പ്രാപ്യമായതോടെ ഏതുസമയത്തും എന്തും എവിടെയും എപ്പോഴും പ്രചരിപ്പിക്കുവാനും അവതരിപ്പിക്കുവാനും കഴിയുന്നു. നുണ പ്രചരണങ്ങളുടെ (fake news) വസന്തകാലമാണിത്. തെറ്റും ശരിയും തിരിച്ചറിയാതെ സൈബറിടങ്ങളിൽ ശബ്ദദൃശ്യങ്ങളുടെ മലിനീകരണവും വർദ്ധിക്കുകയാണ്. വിവിധ സ്രോതസ്സുകളിലൂടെ സത്യത്തെ തിരിച്ചറിയുവാൻ വഴികളുണ്ടെങ്കിലും മനുഷ്യമനസ് കുപ്രചരണങ്ങളോട് ആഭിമുഖ്യം പുലർത്തുന്നു.

അതിവൈകാരികത സൃഷ്ടിക്കുന്ന വിവരണങ്ങളും അവതരണങ്ങളും മാധ്യമങ്ങളിൽ ശക്തിപ്പെടുകയാണ്. സ്വകാര്യതയിലേക്ക് ഇറങ്ങി സദസ്സും സന്ദർഭവും വിസ്മരിച്ചുള്ള വിഭവ ശേഖരണങ്ങളും ദൃശ്യങ്ങൾ പകർത്തുന്നതും എല്ലാ മാധ്യമങ്ങൾക്കും താൽപര്യമുള്ളതാണ്. ക്രൈം, ലൈംഗികത, യുദ്ധം, സമരം, പോലീസ് വേട്ട, ഭീകരത, ആക്രമം എന്നിവയ്ക്ക് എത്രയധികം സമയമാണ് മാധ്യമങ്ങൾ പങ്കിടുന്നത്. ഒരു ചെറിയ സംഭവം പോലും ദിവസങ്ങളോളം ചർച്ച ചെയ്ത്, യഥാർത്ഥ വിഷയത്തെ തമസ്ക്കരിക്കുന്ന മാധ്യമ സിൻഡിക്കേറ്റും ശക്തമാണ്. രാഷ്ട്രീയ ഭരണതല വിഷയങ്ങളുടെ ഗതിമാറ്റുവാനും പൊതുജനത്തെ വേറൊരു വഴിയിൽ ചിന്തിപ്പിക്കുവാനും സെക്സും ക്രൈമും നിറഞ്ഞ രാഷ്ട്രീയ മത കുടുംബ പ്രശ്നങ്ങൾ പർവ്വതീകരിച്ച് അവതരിപ്പിക്കുന്നു. അതിവൈകാരികത നിറഞ്ഞ സംഭവങ്ങളുടെ അതിവിശാലമായ വിവരണങ്ങളിൽ ഒളിഞ്ഞിരിക്കുന്ന രാഷ്ട്രീയ അജൻഡ പൊതുജനത്തിന് തിരിച്ചറിയുവാൻ കഴിയാതെ വരുന്നു. ഓരോ മാധ്യമവും പ്രത്യേകമായ രാഷ്ട്രീയ, മത, പ്രത്യയ ശാസ്ത്രങ്ങളുടെ പ്രചരണ ഉപാധികളായി തീരുന്നു. രാഷ്ട്രീയ ഇലക്ഷൻ പശ്ചാത്തലത്തിൽ ഓരോ മാധ്യമവും നടത്തുന്ന രാഷ്ട്രീയ നയരൂപീകരണത്തിലും പ്രചരണ തന്ത്രങ്ങളിലും പരസ്യമായും രഹസ്യമായും നടത്തുന്ന അതിസാഹസികമായ മാധ്യമ പ്രവർത്തനങ്ങളുടെ പക്ഷം ചേർന്നുള്ള നേർക്കാഴ്ച വിസ്മരിക്കുവാൻ കഴിയില്ല.

ഓരോ പൗരനും പത്രവും ചാനലും സ്വന്തം മതരാഷ്ട്രീയ ബോധ്യങ്ങൾക്ക് അനുസൃതമായി ചേർത്തുപിടിക്കുവാൻ ശ്രദ്ധിക്കുന്നു എന്നതാണ് പുത്തൻ മാധ്യമകാലം പകരുന്നപാഠം. പൊതുജനങ്ങളുടെ പൗരധർമ്മവും രാഷ്ട്രീയ ബോധവും മന്ദീഭവിപ്പിക്കുന്ന തരത്തിലുള്ള തന്ത്രങ്ങളും നയങ്ങളും മാധ്യമങ്ങൾ അനുദിനം രൂപപ്പെടുത്തുകയാണ്. മാധ്യമങ്ങൾക്ക് അടിമയാകുന്ന (media addicts) തലമുറയെ സൃഷ്ടിക്കുവാൻ ചാനലുകൾ വളരെ അധികം ശ്രദ്ധിക്കുന്നുണ്ടെങ്കിലും പുതുതലമുറയ്ക്ക് പത്രങ്ങളോ ചാനലുകളോ രാഷ്ട്രീയ പ്രവർത്തനങ്ങളോ അത്ര താല്പര്യമില്ലാതെ 'ന്യൂജനറേഷൻ സംസ്കാരം' വളർന്നു വന്നു. പുതിയ സാങ്കേതിക വിദ്യയിലൂടെ വിഭവ സമാഹരണത്തിൽ ആശ്രയിക്കുന്ന യുവ തലമുറയ്ക്ക് എല്ലാം ഇന്റർനെറ്റ് വഴി (Internet of All Things) എന്ന തത്ത്വത്തിൽ ആശ്രയിക്കുവാൻ തുടങ്ങിക്കഴിഞ്ഞു. ചെറുതും വലുതുമായ മാധ്യമങ്ങൾ ബഹുതല കമ്പനികളുടെ കുഴലൂത്തുകളായി മാറുന്നു എന്നത് ഏറ്റവും പുതിയ സമീപനമാണ്. മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന വാർത്താ അവതാരകർക്ക് പോലും ഇക്കാര്യം കൃത്യമായി വിവേചിച്ച് അറിയുവാൻ കഴിയാത്തവിധം ഭദ്രമായി കാര്യങ്ങൾ അവതരിപ്പിക്കുവാൻ മാധ്യമ കോർപ്പറേറ്റുകൾക്ക് കഴിയുന്നു. വൻകിട രാഷ്ട്രീയ പാർട്ടികൾ പത്രങ്ങളും ചാനലുകളും വിലയ്ക്കെടുത്ത് രാഷ്ട്രീയ അജൻഡ നടപ്പാക്കുന്നു. അനുദിനം കണ്ടുകൊണ്ടിരിക്കുന്ന വാർത്താ ചാനലിനെ നിയന്ത്രിക്കുന്ന ബഹുരാഷ്ട്ര കമ്പനിയും അവയുടെ നയങ്ങളും എന്തെന്ന് തിരിച്ചറിയുവാൻ പ്രേക്ഷകർക്ക് കഴിയണം.

ഇങ്ങനെ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന നവലോകം നിഗൂഢ ലക്ഷ്യങ്ങളും തന്ത്രങ്ങളും ഉൾക്കൊള്ളുന്നവയാണ്. അവ തിരിച്ചറിയുവാനും പ്രതിരോധിക്കുവാനുമുള്ള സർഗ്ഗശേഷിയും കർമ്മശേഷിയും ചോർത്തിക്കളയുന്ന മാധ്യമ സൃഷ്ടികളും മാധ്യമ സിൻഡിക്കേറ്റുകളും വളർന്നുവരുമ്പോൾ സത്യത്തിനും നീതിക്കും ധർമ്മത്തിനുമായി പക്ഷം ചേരുവാനുള്ള മാധ്യമ സാക്ഷരത പൊതുവിഭാഗത്തിന് ഉണ്ടാകണം.

പുത്തൻ സാങ്കേതിക സംവിധാനത്തോടെ വർണ്ണാഭമായി കാഴ്ചകളുടെ സംസ്കാരം സംവേദിപ്പിക്കുവാൻ മാധ്യമങ്ങൾക്ക് കഴിയുന്നു. എന്നാൽ അവ ഉല്പാദിപ്പിക്കുന്ന ഉള്ളടക്കങ്ങളിൽ അന്തർലീനമായ രാഷ്ട്രീയ, സാമ്പത്തിക, മത, ജാതീയ പ്രത്യേയ ശാസ്ത്രങ്ങളുടെ തെറ്റും ശരിയും തിരിച്ചറിയുവാനുള്ള ജാഗ്രതയാണ് പൊതുസമൂഹത്തിന് ഉണ്ടാകേണ്ടത്. വിമർശനാത്മകമായി ചിന്തിക്കുവാനും പ്രതികരിക്കുവാനുള്ള ജനാധിപത്യ ഊർജ്ജം ഇന്നും പൊതുസമൂഹത്തിന് നഷ്ടപ്പെട്ടിട്ടില്ല എന്നതാണ് മാധ്യമങ്ങളെ നിരാശപ്പെടുത്തുന്ന ജനകീയ മുന്നേറ്റം.

മാധ്യമങ്ങൾ സ്വജനപക്ഷപാതപരമായി പർവ്വതീകരിക്കുന്ന പ്രശ്നങ്ങളുടെ നേർക്കാഴ്ചകൾ അവതരിപ്പിക്കുവാനുള്ള ബദൽ മാധ്യമ സംവിധാനങ്ങൾ രൂപപ്പെടുത്തുവാൻ കഴിയണം. മാധ്യമങ്ങളുടെ ശക്തിയും സ്വാധീനവും ഇന്നും സഭകൾ തിരിച്ചറിയാത്തതിനാൽ, എല്ലാം സഭകളുടെയും ദൗത്യ നിർവ്വഹണങ്ങളിൽ സാമൂഹിക മാധ്യമങ്ങൾ ഇടപെടാനും വിമർശന മുഖങ്ങൾ ഉയർത്തി ജനകീയ അംഗീകാരം നേടുവാനും ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നത് പരമയാഥാർത്ഥ്യമാണ്. പൊതുസമൂഹത്തിന്റെ സർഗ്ഗശേഷിയും ധാർമ്മിക രാഷ്ട്രീയ ഊർജ്ജവും ശക്തീകരിച്ച് മാധ്യമങ്ങളിലെ ഹിഡൻ അജൻഡകളും പ്രചരണ രാഷ്ട്രീയവും ധാർമ്മിക സമീപനങ്ങളും പൊളിച്ചെഴുതുവാൻ കഴിയുന്ന മാധ്യമ വിമർശന സാക്ഷരത വർദ്ധിപ്പിക്കേണ്ടതും അനിവാര്യമാണ്.

(പത്തനംതിട്ടയിൽ നടന്ന മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം വാർഷിക കോൺഫ്രൻസിലെ മാധ്യമ സെമിനാർ പ്രഭാഷണ സംഗ്രഹം 28-12-2023)



തിരുവിതാംകൂർ രാജകുടുംബാംഗം പൂയം തിരുനാൾ ഗൗരി പാർവതി ഭായി പരുമല ആശുപത്രി സന്ദർശിച്ചു. ഫ്രഞ്ച് സർക്കാരിന്റെ പരമോന്നത ബഹുമതിയായ ഷെവലിയാർ പുരസ്കാരം എന്ന നേട്ടം കൈവരിച്ചതിൽ ഗൗരി പാർവതി ഭായിയെ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അനുമോദിച്ചു.



ഇടവങ്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിലെ വി. ദൈവമാതാവിന്റെ നാമത്തിലുള്ള 161-ാമത് പെരുന്നാൾ കൊടിയേറ്റും ഡോ. യൂഹാനോൻ മാർ ദിമെത്രയോസിന് സ്വീകരണ ഘോഷയാത്രയും നടത്തപ്പെട്ടു.

വചനതീർത്ഥം



ഗർബോ ഞായർ

(വി. ലൂക്കോസ് 5:12-16,40-41)

ഫാ. ജെറിൻ ജോൺ അടൂർ

യേശുവും അവന്റെ ശിഷ്യൻമാരും ഗലീല പട്ടണങ്ങൾ സന്ദർശിക്കുന്ന വേളവിൽ അവൻ ചെയ്യുന്ന വീര്യപ്രവൃത്തികളെക്കുറിച്ചുളള വാർത്ത ആ പ്രദേശമെല്ലാം പരക്കുന്നു. അവന്റെ പ്രവർത്തനങ്ങളെക്കുറിച്ചുളള വാർത്ത ഒരു കുഷ്ഠരോഗിയുടെ നഗരത്തിലും എത്തുന്നു. വൈദ്യനായ ലൂക്കോസ് അവനെ "കുഷ്ഠം നിറഞ്ഞോരു മനുഷ്യൻ" എന്ന് വർണ്ണിക്കുന്നു. ഈ മാരകരോഗം വിവിധ ശരീരഭാഗങ്ങളെ പടിപടിയായി വിരൂപമാക്കുന്നു. അതുകൊണ്ട് ഈ കുഷ്ഠരോഗി ഒരു ദയനീയാവസ്ഥയിലാണ്.

യേശു നഗരത്തിലെത്തുമ്പോൾ കുഷ്ഠരോഗി അവനെ സമീപിക്കുന്നു. ദൈവത്തിന്റെ ന്യായപ്രമാണമനുസരിച്ച് ഒരു കുഷ്ഠരോഗി ഒരു മുന്നറിയിപ്പെന്ന നിലയിൽ "അശുദ്ധൻ, അശുദ്ധൻ!" എന്ന് വിളിച്ചു പറയേണം. അത് മററുളളവർ അടുത്തുവരാതിരിക്കുന്നതിനും രോഗം പകരാതിരിക്കുന്നതിനും ഉതകും. കുഷ്ഠരോഗി ഇപ്പോൾ യേശുവിന്റെ കാല്ക്കൽ വീണ് അവനോടപേക്ഷിക്കുന്നു: "കർത്താവേ, നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും."

പൗരാണികകാലത്തുതന്നെ അറിയപ്പെട്ടിരുന്ന ഒരു രോഗമാണ് കുഷ്ഠം. മെസൊപ്പൊട്ടേമിയയിലും പൗരസ്ത്യ നാടുകളിലും കുഷ്ഠം സാധാരണമായിരുന്നു. ഈജിപ്റ്റിലെ മമ്മികളിൽ നിന്നും കുഷ്ഠരോഗത്തിന്റെ ഒരുദാഹരണം ലഭിച്ചിട്ടുണ്ട്. മോശയെയും യിസ്രായേൽമക്കളെയും ഈജിപ്റ്റിൽ നിന്നു പുറത്താക്കിയതിനു കാരണം അവർക്കു കുഷ്ഠം ബാധിച്ചിരുന്നതാണെന്നു ഈജിപ്ഷ്യൻ ചരിത്രകാരൻമാർ രേഖപ്പെടുത്തിയതായി ജൊസീഫസ് പറയുന്നുണ്ട്. കുഷ്ഠരോഗത്തെക്കുറിച്ചുള്ള വിവരണം ലേവ്യ 13-ലും 14-ലും ഉണ്ട്. ഒരുവനെ കുഷ്ഠരോഗി എന്നു വിധിക്കുന്നത് പുരോഹിതന്റെ ചുമതലയാണ്. കുഷ്ഠം ഉണ്ടെന്നു കണ്ടാൽ ഏഴുദിവസം പുരോഹിതൻ അവനെ മാറ്റി പാർപ്പിക്കണം. അതിനുശേഷം വീണ്ടും പരിശോധിച്ച് കൂടുതൽ ദോഷം കണ്ടില്ലെങ്കിൽ വീണ്ടും ഏഴുദിവസത്തേക്കുകൂടി മാറ്റി പാർപ്പിക്കണം. അതിനുശേഷം അവനെ ശുദ്ധനെന്നു പ്രഖ്യാപിക്കണം.

കുഷ്ഠരോഗം മരണത്തിന്റെ പ്രതിരൂപമാണ്. ധരിക്കുന്ന വസ്ത്രത്തിലും മുണ്ഡനം ചെയ്ത തലയിലും കുഷ്ഠബാധിതൻ തനിക്കു മരണത്തോടുള്ള അടുപ്പം പ്രദർശിപ്പിക്കേണ്ടതാണ്. കുഷ്ഠരോഗിയുടെ വസ്ത്രം കീറിക്കളയുകയും തല മൂടാതിരിക്കുകയും അധരം മൂടുകയും അശുദ്ധൻ അശുദ്ധൻ എന്നു വിളിച്ചു പറയുകയും വേണം. രോഗമുള്ള നാൾ മുഴുവൻ അവൻ അശുദ്ധനാണ്: തനിച്ചു പാർക്കേണ്ടതാണ്; പാർപ്പു പാളയത്തിനു പുറത്തായിരിക്കേണ്ടതാണ് (ലേവ്യ 13:45-46).

ഈ സുവിശേഷ ഭാഗത്ത് കാണുന്ന കുഷ്ഠരോഗി കർത്താവിന്റെ അടുക്കൽ കടന്നുവരുകയും സൗഖ്യം പ്രാപിക്കുകയും ചെയ്യുന്നു.

കർത്താവിന്റെ കൃപയ്ക്കും കരുണയ്ക്കുമായി അവനെ തന്നെ ഏൽപ്പിച്ചു കൊടുക്കുന്നു

ഈ മനുഷ്യൻ പരിപൂർണ്ണമായി കുഷ്ഠരോഗി ആയിരുന്നു എന്ന വസ്തുത വൈദ്യനായ ലൂക്കോസ് പ്രത്യേകമായി പരാമർശിക്കുന്നു. മാനുഷികമായി പറഞ്ഞാൽ ഇത് മൂർദ്ധന്യമായി അവസ്ഥയും തികച്ചും പ്രതീക്ഷയറ്റതും ആയിരുന്നു. കുഷ്ഠരോഗിയുടെ വിശ്വാസം അനന്യ സാധാരണ ആയിരുന്നു. അവൻ പറയുകയാണ് നിനക്ക് എന്നെ ശുദ്ധമാക്കുവാൻ കഴിയും. ലോകത്തിലെ ഒരു വ്യക്തിയോടും അവനത് പറയുവാൻ കഴിയുമായിരുന്നില്ല. കർത്താവിന്റെ ശക്തിയിൽ അവന്റെ പൂർണ്ണമായ ധൈര്യം ഉണ്ടായിരുന്നു. നിനക്ക് മനസ്സുണ്ടെങ്കിൽ എന്ന് അവൻ പറയുമ്പോൾ ക്രിസ്തുവിന്റെ മനസ്സുരുഗത്തെ അവൻ സംശയം പ്രകടിപ്പിക്കുന്നുമില്ല. അതിലും ഉപരിയായി സൗഖ്യം പ്രാപിക്കുന്നതിന് ജന്മനായുള്ള യാതൊരു അവകാശവുമില്ലാതെ കേണപേക്ഷിക്കുന്ന ഒരുവനായി അവൻ വരികയായിരുന്നു. എന്നാൽ കർത്താവിന്റെ കരുണയും കൃപയ്ക്കുമായി അവനെ തന്നെ അവൻ ഏൽപ്പിച്ചു കൊടുത്തു.



പ്രതീക്ഷയറ്റ രോഗത്തിന് അപ്രതീക്ഷിത സൗഖ്യം

ഒരു കുഷ്ഠരോഗിയെ സ്പർശിക്കുന്നത് വൈദ്യശാസ്ത്രപരമായി അപകടകരവും മതപരമായി അശുദ്ധവും സാമൂഹികപരമായി നിലവാരം കുറഞ്ഞതും ആയിരുന്നു. എന്നാൽ രക്ഷകൻ അശുദ്ധിയെ പറ്റി സങ്കോചപ്പെട്ടില്ല. അതിനു പകരം കുഷ്ഠരോഗിയുടെ ശരീരത്തിലേക്ക് സൗഖ്യത്തിന്റെയും ആരോഗ്യത്തിന്റെയും ഒരു നേർച്ച ആട്ടം തിരമാല പോലെ കടന്നു ചെന്നു. ഇത് പടിപടിആയുള്ള ഒരു സൗഖ്യം അല്ലായിരുന്നു. പെട്ടെന്ന് കുഷ്ഠം വിട്ടു പോകുകയാണ്. ഒരു നിമിഷത്തിനുള്ളിൽ പൂർണ്ണനാക്കപ്പെട്ട ആ പ്രതീക്ഷയറ്റ സഹായം മറ്റു കുഷ്ഠരോഗിക്ക് ഇത് അർഥം ആയിരിക്കേണ്ടത് ക്രിസ്തുവിന്റെ ശക്തിയുടെ വെളിപ്പെടുത്തലാണ്.

ജനക്കൂട്ടത്തെ ആകർഷിക്കുന്നതിനു വേണ്ടിയുള്ള സൗഖ്യം ആയിരുന്നില്ല ക്രിസ്തുവിന്റെതു

സൗഖ്യത്തെക്കുറിച്ച് ആരോടും പറയരുത് എന്ന് യേശു അവനോട് പറയുകയാണ്. ആകാംക്ഷയോടെ അന്വേഷിക്കുന്ന ഒരു ജനക്കൂട്ടത്തെ ആകർഷിക്കുന്നതിന് അഥവാ അവനെ രാജാവ് ആക്കുവാൻ ഒരു പ്രസ്ഥാനത്തെയുംഇളക്കി വിടുന്നതിന് രക്ഷിതാവ് ആഗ്രഹിച്ചില്ല. അതിന് പകരമായി പുരോഹിതന് കാണിച്ചു മോശ കൽപ്പിച്ചതുപോലെ വഴിപാട് അർപ്പിക്കുവാൻ കർത്താവ് കുഷ്ഠരോഗിയോട് കൽപ്പിക്കുന്നു. ഒരു കുഷ്ഠരോഗിയെ പരിശോധിക്കുന്നതും അവൻ യഥാർത്ഥമായി സൗഖ്യം പ്രാപിച്ചുവോ എന്ന് തീരുമാനിക്കുന്നതും പുരോഹിതന്റെ കർത്തവ്യം ആയിരുന്നു. പുരോഹിതന് സൗഖ്യമാക്കുവാൻ കഴിഞ്ഞിരുന്നില്ല. ഒരു വ്യക്തി സൗഖ്യമായി എന്ന് പ്രഖ്യാപിക്കുവാൻ മാത്രമേ അവനു കഴിഞ്ഞിരുന്നുള്ളൂ. ഈ അദ്ഭുതം പ്രസിദ്ധപ്പെടുത്തരുത് എന്ന കർത്താവിന്റെ ഉപദേശം ഉണ്ടായിരുന്നിട്ടും വാർത്ത അതിവേഗം പരക്കുകയാണ്. സൗഖ്യത്തിനായി പുരുഷാരം അവന്റെ അടുക്കൽ കടന്നുവന്നു. യേശുവിനെ മനുഷ്യപുത്രൻ എന്ന് പരിചയപ്പെടുത്തുന്ന ഈ സുവിശേഷത്തിന് അവന്റെ സൗഖ്യദാനത്തിന് വളരെയേറെ പ്രസക്തിയും അർത്ഥവും നൽകുന്നു. ❑



“THELO KATHARISTHETI”

(SECOND SUNDAY OF GREAT LENT, LUKE 5:12-16, 4: 40-41)

Fr. Sajoie Samuel

“Thelo Katharistheti” is the Greek equivalent of “I am willing; be cleansed” the reply of Jesus to the leper who requests Him to heal him. Of all the diseases of those times, leprosy was the deadliest of all. There was no part of the body that it did not affect. It leads to sores and decay upon the skin, corruption into the blood and rotteness into the bones. It was similar to living death. The only thing more undefiling than leprosy was touching a dead body. The worst part is, leprosy became a new identity for the individual. You were no longer a son or a brother or a husband or father or grandfather but a leper. The second Sunday of Great Lent is also called *Garbo*.

Leprosy was one of the most dreaded punishments to be inflicted on humans. God punishes King Uzziah with leprosy. King David curses Joab and his family with leprosy. It was the punishment given to Gehazi by the prophet Elisha. Leprosy was not even easily cured. In fact, only God could cure leprosy. 2 Kings 5:7 shows that only God could heal leprosy. Naaman was not healed by taking medicines, or by rubbing oil, but by immersing himself in river Jordan seven times.

I. LOVE THOSE WHO ARE UNLOVED

When Jesus sees the leper, He immediately does something that the leper would have yearned for years. The touch that Jesus gave to the leper was something he would have badly wanted from his family and loved ones. Lepers were confined to a place that was far off from the general public. They were supposed to maintain a certain distance from others when in public places. The response of Jesus invoked surprise in the minds of both the leper and the onlookers.

Jesus was always in search of those who were in need of love. Jesus ventures into heathen territories to shower love on Gentiles too. He was born for both Jews and Gentiles. When He saw a needy person, He took it upon Himself to give him/her whatever s/he lacked. Even the pain that Jesus felt on the cross did not deter Him from caring for His mother and assign John the Apostle as son to her. When the sinful woman is brought to Jesus by a mob to be stoned to death, He does not side by the mob but thinks on the part of the lady.

With Valentines Day being celebrated worldwide last week, let us rekindle our love for the destitute amongst us. In the movie *“Munna Bhai M.B.B.S.”* the protagonist Sanjay Dutt embraces Surendra Rajan when the latter feels low and depressed. The *‘Jaddu ki Jhappi’* helps us to locate our love where we have lost it. A warm hug can go miles to restore the love needed to rekindle our lost love between our loved ones.

II. THE SACRIFICE TO BE OFFERED SHOWED THE DUAL NATURE OF JESUS

Jesus asks the healed leper to offer a sacrifice as per the Law of Moses. He was to offer two birds. Only one of the birds was slaughtered and its blood was collected in a clay vessel. The other bird that was alive, its wings were dipped in the blood and then released. The two birds depict the dual nature of Jesus Christ namely, the divine and the human. The human nature was slain whereas the divine nature was anointed with the blood of the suffering nature, taking upon itself that suffering.

With this offering Jesus underlines the fact that He never transgressed the law but followed it and even encouraged others to follow it. So it is on the foundation of the Old Testament that Jesus establishes the Kingdom of God. This indeed was an eye opener for the spiritual elite of those times. Morever, the Old Testament was the basis by which He was to attain glory. It is also noteworthy that the leper who was healed could only perform this sacrifice.

III. OUR PHYSICAL AILMENTS SHOULD NOT WEAKEN OUR SPIRITUAL ZEAL

The Gospel writer, St. Luke was a physician himself. So when he says that the leper ‘was full of leprosy’ he was infested with the ailment from head to toe. Though his physical body would be rotting away, in his mind he knows the divine qualities of Jesus. He surely hasn’t heard Jesus preach in the synagogue as he would not be allowed entry there. He would surely have not seen Jesus performing any miracles as he had no access to crowded places.

He has no doubt that Jesus is God. He has no doubt that Jesus can heal him. The fact that he mustered up courage to go up to Jesus, defying all odds speaks at length his faith in the Lord. He knows Jesus brings hope in hopeless situations. It is his spirituality that makes him kneel face down in front of Jesus. It is his faith that gave him the audacity to defy all odds and look upto Jesus for healing. The best part of the leper’s spirituality is that he did not give up on his spiritual energy. He could have easily look forward to the impending death staring at him. But he chose to be positive and there lies his victory.

IV. DO NOT SEEK WORDS OF PRAISE FROM THOSE WHOM YOU HELP

Jesus strictly tells the healed leper not to spread the message of his healing to one and all. Why does Jesus restrict him? Firstly, Jesus worked on earth to give glory to His Father in heaven. He did not wish to take any credit but wanted all to know that whatever He did was through His Father. In Matthew 06:01-04 Jesus teaches us in detail about charity. If we look forward to earning praise from mortals it would jeopardize our benefit in heaven. Secondly, the news about Jesus spread like wild fire which hampered His pastoral work. People came in hordes to be healed. When Jesus fed five thousand people they followed Jesus not to recieve spiritual blessings, but in anticipation of getting food from Him. Hence it wasn’t a healthy practice when people flocked to Him from all corners.

The third reason would have given the true fillip to the pastoral ministry of Jesus Christ. Jesus tells the leper to go the priest and let him examine him. When the same priest who had labelled him as impure, would examine him and see him as pure he would ask him to re-visit him after a week. In the interim if he showed no future traces of leprosy, then he would be

added to be a part of the community from where he was ostracized. This had a different bearing on the priest. The clergy knew that only Miriam (Numbers 12) and Naaman (2 Kings 05) had been healed of the fatal disease. The prophets had foretold that the Messiah would heal lepers. So if this leper is healed then it meant that the Messiahnic reign had commenced.

V. RELATIONSHIP BETWEEN SOLITUDE AND SPIRITUAL LIFE

Solitude has played a vital role in every spiritual warriors life. John the Baptist was filled with the Holy Spirit in the wilderness when he led a life of absolute solitude. It is after forty days of solitude in the desert that Moses is given the responsibility of leading the Israelites to Canaan. Jesus starts His public ministry after spending forty days and nights of solitude in a desert. Morever, time and again, Jesus would retreat to desolate places to rejuvenate His spiritual life with His Heavenly Father.

The healing and miracles of Jesus drained Him of His spiritual strength. When the lady who had suffered severe bleeding for twelve years, touched Jesus' cloak, she is instantly healed. Immediately, Jesus felt power going out of Him (Mark 05:30). Jesus replenished His spiritual self by praying incessantly. Time and again, He would seclude Himself from public scrutiny and establish a spiritual bond with His Heavenly Father. The gravity of Jesus' prayer prayed in solitude can be seen in Luke 22: 44 wherein His sweat fell like drops of blood on the ground.

To wrap up, let us continue on this lenten journey by loving those who are in want of being loved. Love knows no boundaries and is limitless. The sacrifice offered by the healed leper shows the human and divine nature of Jesus. One of the biggest lessons the leper teaches us is that our earthly problems should never limit our spiritual life. On the other hand, it should strengthen it. We should not look forward to earn praise from those who we have done favors to. Rather let our praises accumulate in heaven. Finally, like Jesus let us seclude ourselves from our day-to-day busy schedules to find time to pray to God. May God bless us to do the same. ❑




പൊങ്ങന്താനം യു.പി. സ്കൂളിൽ പുതിയതായി വാങ്ങിയ സ്കൂൾ ബസ്സിന്റെ കൂദാശാകർമ്മം കാതോലിക്കേറ്റ് & എം.ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗ്രോറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.



17–ാമത് ചെങ്ങന്നൂർ ഭദ്രാസന കൺവെൻഷൻ രണ്ടാം ദിനം സ്നേഹക്കൂട് എന്ന പേരിൽ Specially Abled കുഞ്ഞുങ്ങളുടെ സ്നേഹസംഗമം നടത്തപ്പെട്ടു.. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് യോഗം ഉദ്ഘാടനം ചെയ്തു.



മാർത്തോമ്മൻ പൈതൃക സംഗമത്തിന് മുന്നോടിയായുള്ള വടക്കൻ മേഖലാ പതാക പ്രയാണ യാത്രയെ സഖറിയാ മാർ സേവേറിയോസ് സ്വീകരിച്ചു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ഒരു രൂപക്ക് ഹൃദയ പരിരക്ഷാ പാക്കേജ്ജുമയി പരുമല കാർഡിയോളജി

പരുമല: പരുമല ഇൻറർനാഷണൽ കാർഡിയോ തൊറാസിക്ക് സെന്റർ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷികാഘോഷത്തോടനുബന്ധിച്ച് 2500 രൂപ വില വരുന്ന കാർഡിയാക് ചെക്കപ്പ് ഒരു രൂപയ്ക്ക് നൽകികൊണ്ടുള്ള പ്രഖ്യാപനം പ്രശസ്ത സിനിമാതാരം ശ്രീ രമേശ് പിഷാരടി നിർവഹിച്ചു. ഇസിജി, എക്കോ, ബ്ലഡ് ഇൻവെസ്റ്റിഗേഷൻ, കാർഡിയോളജിസ്ററ് കൺസൾട്ടേഷൻ അടങ്ങിയ ഈ പാക്കേജിന്റെ കാലാവധി 2024 മെയ് 15 വരെയാണ്.

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനിയുടെ അധ്യക്ഷതയിൽ കൂടിയ വാർഷികാഘോഷം പ. ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ ബാവ ഉദ്ഘാടനം ചെയ്തു.



മാർത്തോമൻ പൈതൃക സംഗമം തെക്കൻ മേഖല ദീപശിഖ പ്രയാണം പഴയസെമിനാരിയിൽ എത്തിച്ചേർന്നപ്പോൾ നടന്ന സമ്മേളനത്തിൽ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് പ്രസംഗിക്കുന്നു.



മാർത്തോമ്മൻ പൈതൃക സന്ദേശയാത്ര പെരുമ്പാവൂർ ബഥേൽ സൂലോക്കോ പള്ളിയിൽ എത്തിച്ചേർന്നപ്പോൾ മലങ്കരസഭയ്ക്കുവേണ്ടി രക്തസാക്ഷികളായിത്തീർന്ന മലങ്കര വർഗീസ്, തോട്ടപ്പാട്ട് ഉതുപ്പ് കുര്യാക്കോസ് എന്നിവരുടെ കബറിടത്തിൽ ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമികത്വത്തിൽ ധൂപപ്രാർത്ഥന നടത്തി. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ പങ്കെടുത്തു.



അഞ്ച് പ്രമുഖർക്ക് ബസേലിയസ് കോളജ് വജ്രജൂബിലി ബസേലിയൻ ശ്രേഷ്ഠ പുരസ്കാരം

കോട്ടയം: ബസേലിയസ് കോളജിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കോളജിലെ പൂർവ്വവിദ്യാർത്ഥികളിൽ നിന്ന് വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അഞ്ചുപേർക്ക് ബസേലിയസ് കോളജ് വജ്രജൂബിലി ബസേലിയൻ ശ്രേഷ്ഠ പുരസ്കാരം നൽകി ആദരിക്കും. പൊതുപ്രവർത്തനരംഗത്തു നിന്ന് മുൻ ആഭ്യന്തരവകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, കലസാംസ്കാരിക രംഗത്തു നിന്ന് ചലച്ചിത്രനടൻ വിജയരാഘവൻ, നീതിന്യായ വിഭാഗത്തിൽ നിന്ന് ഹൈക്കോടതി ജഡ്ജി വി. ജി. അരുൺ, സംരംഭകമേഖലയിൽ നിന്ന് വിസാറ്റ് ആൻഡ് യുണിസിസ് ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ രാജു കുര്യൻ, കായികമേഖലയിൽ നിന്ന് അർജ്ജുന അവാർഡ് ജേതാവ് ഒളിമ്പ്യൻ ജിൻസൺ ജോൺസൺ എന്നിവർക്കാണ് ബസേലിയൻ ശ്രേഷ്ഠ പുരസ്കാരം നൽകുന്നത്. 25,000 രൂപയും പ്രശസ്തിപത്രവും ഫലകവുമടങ്ങുന്നതാണ് പുരസ്കാരം. ഫെബ്രുവരി 17 ശനിയാഴ്ച വൈകിട്ട് 5.30ന് കോളജിലെ ഉപ്പൂട്ടിൽ കുര്യൻ മെമ്മോറിയൽ ആംഫി തീയറ്ററിൽ നടക്കുന്ന അവാർഡ് നിശയിൽവച്ച് തുറമുഖം-സഹകരണ വകുപ്പ് മന്ത്രി വി.എൻ. വാസവൻ പുരസ്കാരങ്ങൾ സമ്മാനിക്കും. തോമസ് ചാഴികാടൻ എം.പി., എം.എൽ.എ.മാരായ മോൻസ് ജോസഫ്, ജോബ് മൈക്കിൾ, മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. വി. ബിന്ദു, മുനിസിപ്പൽ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ, എംജി സർവകലാശാല സിൻഡിക്കേറ്റ് അംഗം റെജി സക്കറിയ, ഓർത്തഡോക്സ് സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, പൂർവ വിദ്യാർത്ഥിയും സിനിമ നിർമ്മാതാവുമായ സന്തോഷ് ടി. കുരുവിള, രാജ്യാന്തര ബാസ്കറ്റ്ബോൾ താരം മുഹമ്മദ് ഇക്ബാൽ എന്നിവർ അതിഥികളായിരിക്കും. അവാർഡ് നിശയുടെ ഭാഗമായി വിവിധ കലാപരിപാടികളും അരങ്ങേറും.

ഒരു വർഷം നീണ്ടുനിൽക്കുന്ന വജ്രജൂബിലി ആഘോഷങ്ങൾ പശ്ചിമ ബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദബോസാണ് ഉദ്ഘാടനം ചെയ്തത്. വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കോളജിലെ ഭവനരഹിതരായ വിദ്യാർത്ഥികളിൽ നിന്ന് തിരഞ്ഞെടുത്ത വിദ്യാർഥികൾക്ക് വീടുവച്ചു നൽകുന്ന 'ബേസിൽ ഹോം' പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അധ്യാപകരും വിദ്യാർഥികളും നാഷണൽ സർവീസ് സ്കീമും ചേർന്നാണ് വീടുകൾ നിർമിച്ച് നൽകുന്നത്. ഒപ്പം മലങ്കര ഓർത്തഡോക്സ് സഭയുടെ 'സഹോദരൻ പദ്ധതി'യുടെ സഹകരണത്തോടെയും വീട് നിർമിച്ചു നൽകുന്നുണ്ട്. വീടുകളുടെ നിർമാണം അവസാനഘട്ടത്തിലാണ്. മാർച്ചിൽ വീട് നിർമാണം പൂർത്തീകരിച്ച് താക്കോൽ കൈമാറും. വജ്രജൂബിലിയുടെ ഭാഗമായി പൂർവവിദ്യാർഥികളുടെ നേതൃത്വത്തിൽ 20 ലക്ഷം രൂപ ചെലവാക്കി 75 വിദ്യാർത്ഥികൾക്ക് ഇരുന്നു കാണാൻ കഴിയുന്ന അത്യാധുനിക ഡിജിറ്റൽ തീയേറ്റർ നിർമിച്ച് നൽകിയിട്ടുണ്ട്. കോളജിലെ അധ്യാപകരുടെയും അനധ്യാപകരുടെയും തലമുറസംഗമമായ ഹൃദ്യം പരിപാടി നവംബറിൽ നടത്തിയിരുന്നു. കൂടാതെ കോളജിലെ പഠനവിഭാഗങ്ങൾ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒട്ടേറെ ദേശീയ-അന്തർദേശീയ സെമിനാറുകളും ശില്പശാലകളും നടത്തിവരികയാണ്.

കോളജിൽ നിന്ന് പഠിച്ചിറങ്ങി, വിവിധമേഖലകളിൽ സംരംഭകരായവരുടെ സംഗമം ഉടൻ തന്നെ നടക്കും. വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനം ജൂലൈ 1ന് നടക്കും. പാഠ്യപാഠ്യേതര മേഖലകളിൽ ഇത്തരത്തിൽ വ്യത്യസ്തവും നൂതനവുമായ ഒട്ടേറെ പ്രവർത്തനങ്ങളാണ് കോളജിൽ നടന്നു വരുന്നതെന്നും ബസേലിയൻ ശ്രേഷ്ഠ അവാർഡുനിശയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായതായും കോളജ് പ്രിൻസിപ്പൽ പ്രഫ. ഡോ. ബിജു തോമസ്, ജനറൽ കൺവീനർ പ്രഫ. ഡോ. പി. ജ്യോതിമോൾ, കോളജ് ബർസാർ ഡോ. ആനി ചെറിയാൻ, ശ്രേഷ്ഠ പ്രോഗ്രാം കൺവീനർ പ്രൊഫ. ഡോ. മനോജ് നാരായണൻ കെ. എസ്., പബ്ലിസിറ്റി കൺവീനർ ഡോ. ജ്യോതി സൂസൻ ഏബ്രഹാം എന്നിവർ അറിയിച്ചു.